Mr. President: I would be glad to examine this matter latter on.

Mr. P. Govinda Menon (*Ernakulam*): I just pointed out.

Mr. President: If any further opportunity arises in the light of the statement it will be dealt with.

Mr. P. Kumaran Ezhuthassan (*Vadakkancheri*): On a point of information, I should like to know from the observations made by you that the allotment has first to be made by the Covernment and then alone the question of shifting arises at all, whether the allotment is of the number of days for official busines and the numberof days for the non-official business or the allotment of the business for officicial days and non-official days.

Mr. President. All kinds of allotments that are covered by the Standing Order.

Mr. P. Kumaran Ezhuthassan (*Vadakkancheri*): So we stand enlightend.

Mr. P. Narayana Menon (*Trippunittura*): On a point of information.

Mr. President: I am now an Information Officer, Yes. (*Laughter*):

മിസ്റ്റർ പി. നാരായണമേനോൻ: ഞാൻ ഈ സഭയിലേക്കയച്ചിരുന്നതും ഇവിടെ അവതരിപ്പിക്കാൻ രണ്ടുപ്രാവശ്യം അനുവാദം ലഭിച്ചിട്ടുള്ളതുമായ ഈ പ്രമേയം ഒരു മോഷനായിരുന്നുവോ എന്നറിഞ്ഞാൽ കൊള്ളാം.

Mr. President: I am not prepared to discuss that point of order now. The busines has been disposed of.

3. LEGISLATIVE BUSINESS-NON-OFFICIAL BILLS

(*i*) The Cochin Women's Fundamental Right to Property Bill (Contd:)

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: സർ, പിൻതുടർച്ചാവകാശത്തെ സംബന്ധിച്ചു് വ്യവസ്ഥ ചെയ്യുന്ന അവസരത്തിൽ മതം, ജാതി, പാരമ്പര്യം എന്നീ വ്യത്യസ്ഥാപരിധിയിൽ കണക്കാക്കാതെ എല്ലാ പൌരന്മാർക്കും തുല്യനിലയിലുള്ള നിയമങ്ങൾ ഉണ്ടാക്കണമെന്നുള്ള അഭിപ്രായമാണു് ഞാൻ ഇന്നലെ ഉന്നയിച്ചതു്. നമ്മുടെ മിക്ക നിയമങ്ങളും ഇന്നു എല്ലാവരേയും ഒരുപോലെ ബാധിക്കുന്ന നിലയിലാണു് ഉണ്ടാക്കിയിട്ടുള്ളതു്. ക്രിമിനൽ നടപടി നിയമവും സ്ഥാവരജംഗമസ്വത്തുക്കളെ സംബന്ധിച്ച നിയമങ്ങളും മറനേകം നിയമങ്ങളും ഈ രാജ്യത്തെ പൌരന്മാർ എന്ന നിലയിൽ എല്ലാവരേയും ബാധിക്കത്തക്ക നിലയിലാണു് ഉണ്ടാക്കിയിട്ടുള്ളതു്. അല്ലാതെ ഓരോ സമുദായത്തിലെ അംഗങ്ങൾ എന്ന നിലയിൽ, ഓരോ മതമനുഷ്ഠിക്കുന്ന ആളുകൾ എന്ന നിലയിൽ, അംഗീകരിക്കുവാനും, അനുഷ്ഠിക്കുവാനുമുള്ള നിലയിലല്ല ഉണ്ടാക്കിയിട്ടുള്ളതു്. പിന്തുടർച്ചാവകാശത്തെ സംബന്ധിച്ചും ഈവിധത്തിലുള്ള സമ്പ്രദായം, വ്യവസ്ഥ അംഗീകരിക്കുന്നതു് എല്ലാംകൊണ്ടും പ്രയോജനപ്പെടുമെന്നാണു് എന്റെ അഭിപ്രായം. ഇന്നു് നിലവിലുള്ള വിഷമങ്ങൾക്കും, ബുദ്ധിമുട്ടുകൾക്കും, കഴപ്പുങ്ങൾക്കും പരിഹാരം ഇതുകൊണ്ടു് ഉണ്ടാകും എന്നു തിട്ടപ്പെടുത്തിയാണു്. ഇന്നലെകളിൽ നാളെ അങ്ങിനെയുള്ള ഒരു നില ഇവിടെ വരാതിരിക്കുകയില്ല. നമ്മുടെ രാജ്യം ഒരു സെക്കുലർസ്റ്റേറ്റായി രൂപമെടുക്കുവാൻ പോകുന്നതേയുള്ളു. എല്ലാ പൌരന്മാർക്കും അവരവരുടെ മതം, ആചാരം, നടപടി ഇവയെന്തുതന്നെ ആയാലും തുല്യനിലയിലുള്ള പരിഗണന നൽകുന്ന ഒരു പിന്തുടർച്ചക്രമം ഉണ്ടാകുമെന്നു് ഞാൻ കരുതുന്നു. മതത്തേയും, ജാതിക്രമത്തേയും സംബന്ധിച്ചു പറയുകയാണെങ്കിൽ ഓരോ വിഭാഗക്കാർക്കും അവരുടെ സംസ്കാരവും അവരുടെ പ്രത്യേകമായ സമ്പ്രദായങ്ങളും നടപടികളും നിലനിൽക്കണമെന്ന ആഗ്രഹമുണ്ടാകുമെന്ന വാദത്തിനു ധാരാളം വഴിയുണ്ടു്. എന്നാൽ നമ്മുടെ രാജ്യത്തെപ്പോലെ വളർന്നവരുന്ന ഒരു രാജ്യത്തിനു ഇത്തരം വാദങ്ങൾ കുറച്ചു കാലത്തേക്കു മാത്രമേ നേരിടേണ്ടി വരികയുള്ളു എന്നു വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്ത്യയൊട്ടാകെ ഈവിധത്തിലുള്ള ഒരു മാറ്റം വരുമെന്നുള്ളതു തീർച്ചയാണു്. എല്ലാ പൌരന്മാർക്കും രാഷ്ട്രീയവും, സാമുദായികവും, സാമൂഹ്യവുമായ ജീവിതത്തിൽ തുല്യമായ അവകാശം ഉണ്ടാകണം എന്നുള്ള നിലയാണു് ഇന്ത്യാഗവണ്മെണ്ടു് സ്വീകരിക്കാൻ പോകുന്നതു്. ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിന്റെ ലക്ഷ്യത്തെ സംബന്ധിച്ചു ഒരു മാറ്റം വരുത്താൻ ഇപ്പോൾ ശ്രമം നടന്നുവരികയാണു്. അതിന്റെ ലക്ഷ്യപ്രഖ്യാപനത്തിൽ ഭേദം വരുത്താൻ പോകുന്നുണ്ടെന്നു് ഇന്നലത്തെ പത്രങ്ങളിൽ നാം കാണുകയുണ്ടായി. അതിനെ ഈ യവസരത്തിൽ മാക്കുന്നതു നന്നായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. ഇതാണു് പുതിയ ലക്ഷ്യപ്രഖ്യാപനം. "The object of the Indian National Congress is the well-being and advancement of the people of India and the establishm nt of a Co-operative Commonwealth in India based on equality of opportunity and of social, politi-al and

LIBRARY ARCHIVES Kerala Legislative Assembly

economic rights and aiming at world peace and fellowship." അതായതു് സാമൂഹ്യമായ രാഷ്ട്രീയമായും, സാമ്പത്തികമായും ഉള്ള അവകാശങ്ങളെ സംബന്ധിച്ചു തുല്യമായ ഒരു നില ഉണ്ടാകണമെന്നുള്ള വ്യവസ്ഥയാണു് കോൺഗ്രസ്സു് ഇനിമേൽ അംഗീകരിക്കാൻ പോകുന്നതു്. ഈ വ്യവസ്ഥയായിരിക്കും ഇന്ത്യയിലെ ഭരണകൂടത്തിലും പ്രതിഫലിക്കാൻ പോകുന്നതു് എന്നുള്ളതുകൊണ്ടാണു് കോൺഗ്രസ്സിന്റെ ലക്ഷ്യപ്രഖ്യാപനം ഞാൻ ഇവിടെ ഉദ്ധരിക്കാൻ ഹേതുവായതു്. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധി ദേഹവിയോഗം പ്രാപിച്ച അ ദിവസം അദ്ദേഹം തയ്യാറാക്കിയ പരിപാടിയാണു് ഈ ഉദ്ദേശപ്രഖ്യാപനത്തിൽ കോൺഗ്രസ്സു് ഉൾക്കൊള്ളിച്ചിട്ടുള്ളതു് എന്നുള്ളതു നാം മനസ്സിലാക്കേണ്ട ആവശ്യമുണ്ടു്. അന്നു മഹാത്മജി തയ്യാറാക്കിയ പുതിയ ഭരണഘടനാവ്യവസ്ഥയിലെ ഒരു ഭാഗമാണു് ഞാൻ ഇവിടെ ഉദ്ധരിച്ചതു്. നമ്മുടെ രാജ്യം ഒരു സെക്കുലർ സ്റ്റേറ്റാക്കുവാനാണു് പോകുന്നതു് എന്നു പറഞ്ഞുവല്ലൊ. ഈ നിലയിൽ സാമ്പത്തികവും, സാമൂഹ്യവുമായ വ്യവസ്ഥയിൽകൂടി നാം മുമ്പോട്ടു പോകുമ്പോൾ ഈവക കഴപ്രങ്ങൾ, ഈവക ക്രമക്കേടുകൾ ഉന്മൂലനം ചെയ്യാതെ കഴികയില്ല. സ്ത്രീയെന്നും പുരുഷനെന്നുമുള്ള നിലവിട്ടു പൌരൻ എന്ന നിലയിൽ തുല്യമായ അവകാശവും, പരിഗണനകളും എല്ലാവർക്കും ഉണ്ടാകേണ്ടതാകുന്നു. ഈ നില സ്വീകരിക്കാതിരിയ്ക്കാൻ പാടില്ലായെന്നു ഞാൻ പറയേണ്ട ആവശ്യമില്ലല്ലൊ. പിന്തുടർച്ചക്രമം എന്നതു സ്ത്രീക്കു ഒരുപ്രകാരത്തിലും, പുരുഷനു വേറൊരു പ്രകാരത്തിലും ആകാമെന്നുള്ളതിന്റെ പഴയ നിലയിൽ എന്തെല്ലാം ന്യായങ്ങളും വാദങ്ങളും ഉണ്ടായിരുന്നാലും വേണ്ടില്ല, ഈ കാലത്തും വരാൻപോകുന്ന കാലത്തും നിശ്ചയമായും വ്യത്യസ്ത പരിഗണനകൾ ഇല്ലാതാക്കിയേ തീരു. അതിനുള്ള ഏറ്റവും പ്രധാനമായ ഒരു നടപടിയാണു് ഈ ബിൽ എന്നു ഞാൻ കരുതുന്നു. കൊച്ചി ഒരു ചെറിയ രാജ്യമാണു്. കൊച്ചി രാജ്യത്തെ ആളുകൾക്കു ബ്രിട്ടിഷ് മലബാറിലും തിരുവിതാംകൂറിലും വിവാഹബന്ധങ്ങൾ ഉണ്ടായിരിക്കും എന്നുള്ളതുകൊണ്ടു് ഇതിനു വ്യത്യസ്തമായ നിയമങ്ങൾ മലബാറിലും തിരുവിതാംകൂറിലും ഉണ്ടാകുമ്പോൾ വിഷമങ്ങൾ ഉണ്ടാകുകയില്ലേ എന്ന ചോദ്യത്തെ ഇന്നല്ലെങ്കിൽ നാളെ നിശ്ചയമായും നേരിടേണ്ടിവരും. ഇന്നതന്നെ വ്യത്യസ്തനിയമങ്ങളനുസരിച്ചാണു് ഈ രാജ്യങ്ങൾ നിലനിന്നു വരുന്നതു്. ഇന്നലത്തെ വാദപ്രതിവാദവേളയിൽ ആരോ പറയുകയുണ്ടായി, ഐക്യകേരളം വരുമ്പോൾ ഈ ബുദ്ധിമുട്ടുകൾ തീരുമല്ലോ, അപ്പോൾ ഇങ്ങിനെയുള്ള നിയമത്തെപ്പറ്റി ആലോചിച്ചാൽ മതിയല്ലോ എന്നു്. ഒരുപക്ഷെ, ഐക്യകേരളമോ, അല്ലെങ്കിൽ, മർജറൊ വന്നാൽ ഈവക പ്രശ്നങ്ങൾ ഇല്ലാതാകുമെന്നു വന്നേക്കാം. അല്ലെങ്കിൽ ഈവക പ്രശ്നങ്ങൾക്കു വളരെ എളുപ്പമുണ്ടായേക്കാം. ഐക്യകേരളമോ, മർജറോ അതിന്റെ കാലത്തു വന്നുകൊള്ളട്ടെ. പക്ഷെ, ഇന്നത്തെ നമ്മുടെ പരിതഃസ്ഥിതിക്കുതന്നെ പുരോഗമനപരമായ നിയമങ്ങൾ ഉണ്ടാക്കുന്നതിനു സാദ്ധ്യമായ എന്തെങ്കിലും വിഷമങ്ങൾ ഇവിടെ ഉണ്ടെങ്കിൽ അതിനെ തരണംചെയ്തു, നാം മുന്നോട്ടു പോകണം. നീതിചെയ്യുന്നതിനു, നന്മചെയ്യുന്നതിനു, നമ്മുടെ ലക്ഷ്യമാകാൻ പോകുന്ന തുല്യാവകാശത്തെ സംബന്ധിച്ചുള്ള അടിസ്ഥാനത്തിനു പ്രയോജനപ്പെടുന്ന ഇങ്ങിനെയുള്ള വ്യവസ്ഥകൾ സ്വീകരിക്കുന്നതിൽ ഉണ്ടാകുന്ന ചില്ലറ ബുദ്ധിമുട്ടുകളെ നാം പരിഗണിക്കരുതു് എന്നാണു് ഞാൻ പറയുന്നതു്. ഇങ്ങിനെയുള്ള ബുദ്ധിമുട്ടുകൾ നാം ഇന്നു് അനുഭവിക്കുന്നുണ്ടു്. തിരുവിതാംകൂറിൽ ഒരുപ്രകാരത്തിലുള്ള നിയമവും, മലബാറിൽ വേറൊരു പ്രകാരത്തിലുള്ള നിയമവും, കൊച്ചിയിൽ മറ്റൊരുപ്രകാരത്തിലുള്ള നിയമവും ഇന്നതന്നെ നിലവിലുള്ളതുകൊണ്ടു് ഈ രംഗത്തിലും, മറ്റനേകം രംഗങ്ങളിലും നാം വിഷമങ്ങൾ അനുഭവിക്കുന്നുണ്ടു്. അതുകൊണ്ടു് വളരെ വിശേഷപ്പെട്ട, വളരെ ഉൽകൃഷ്ടമായ ഈ ബില്ലിന്റെ അടിസ്ഥാനതത്വത്തെ നാം നിരാകരിക്കരുതു്. എന്നാൽ ഇതു് അടുത്തേയെങ്കിലും തലയിൽ വെച്ചുകെട്ടണമെന്ന അഭിപ്രായം എനിക്കില്ല. പുരോഗമനപരമായ ഈവക നടപടികൾ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനു, ജനങ്ങളെ അതിനു തയ്യാറാക്കി ജനങ്ങളുടെ മനഃസ്ഥിതി ഇതിനനുകൂലമാക്കുന്നതിനു ഒരു പരിപാടിയുണ്ടാകുന്നതു നന്നായിരിക്കും. പക്ഷെ, ഇന്നു ഈ വിധത്തിലുള്ള പരിവർത്തനങ്ങൾക്കു ജനങ്ങൾ തയ്യാറായിട്ടുണ്ടാകുമെന്നു വിചാരിക്കാനാണു് വഴി. സ്ഥാപിതതാല്പര്യക്കാരായ കുറെ ആളുകൾ ഇതിനെ എതിർത്തേക്കും, സാമാന്യജനങ്ങളുടെ താല്പര്യങ്ങളെ മുമ്പിൽ വെച്ചാണു് നാം പ്രവൃത്തിക്കേണ്ടതു്. അപൂർവ്വം ചില വലിയ നിലയിലുള്ള ആളുകൾ ചില ശബ്ദങ്ങൾ ഉണ്ടാക്കാൻ സാധിക്കുന്ന ആളുകൾ, ഈവക പുരോഗമനവാദങ്ങളേയും നടപടികളേയും എതിർക്കുമെന്നുള്ളതു് തീച്ചയാണു്. അതിനെ മാനിച്ചു അതിനു തലകുനിച്ചു ഈവക നല്ലകാര്യങ്ങൾ നാം ഉപേ

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. R. Krishnan Ezhuthassan]

ക്ഷിക്കാൻ നോക്കുകയാണെങ്കിൽ, ഇതു നടപ്പിൽ വരുത്താൻ അമാന്തം വരുത്തുകയാണെങ്കിൽ, ഈ നാട്ടിലെ ജനങ്ങൾവളരെ അധികം കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടിവരും. ഇന്നു വളരെ അധികം അവശതകൾ അനുഭവിക്കുന്ന സ്ത്രീവിഭാഗത്തിന്നു ഇനിയും അധികം വിഷമം അനുഭവിക്കാൻ ഇട വരുത്താതിരിക്കാൻ വേണ്ടി ഈ ബില്ലിലെ തത്വം സ്വീകരിച്ചു വേണ്ടതു ചെയ്യണമെന്നാണു് എനിക്കു ഈ നിയമസഭയോടു അഭ്യർത്ഥിക്കുവാനുള്ളതു്.

മിസ്റ്റർ പി. വി. സെബാസ്റ്റ്യൻ: സർ, ഈ ബില്ലിനെക്കുറിച്ചു് ഇന്നും ഇന്നലെയുമായി പല ബഹുമാനപ്പെട്ട മെമ്പർമാരും വളരെയധികം സംസാരിക്കുകയുണ്ടായി. എന്നാൽ ആരും തന്നെ ഈ ബില്ലിനെ തീരെ നിഷേധിക്കുകയോ, തീരെ അനുകൂലിക്കുകയോ ചെയ്തില്ല. എല്ലാവരും ഈ ബിൽ അതേപടി സ്വീകരിയ്ക്കണമെന്നോ, നിഷേധിയ്ക്കണമെന്നോ പറയുകയുണ്ടായില്ല. എന്നാൽ ഈ ബില്ലിന്റെ തത്വത്തോടു വളരെക്കൂറുമായി അനുകൂലിക്കുന്ന പല മെമ്പർമാരും ഇതു അതേപടി ഒരിയ്ക്കലും സ്വീകരിച്ചുകൂടായെന്നും, പൊതുജനാഭിപ്രായം നല്ലവണ്ണം ആരാഞ്ഞശേഷമേ അവസാനതീരുമാനത്തിൽ എത്താവൂ എന്നും പറഞ്ഞുകഴിഞ്ഞു. ഇതിനെ അനുകൂലിച്ചു മിസ്റ്റർ അഷ്റഫ് മുസ്ലിം സമുദായത്തിന്റെ ഇടയിൽ ഫത്വാ കൊല്ലങ്ങൾക്കുമുമ്പുതൽതന്നെ നിലനിന്നുവരുന്ന ഒരു ആചാരമാണു് ഇപ്പോൾ നിലവിലുള്ളതെങ്കിലും, ഈ ബില്ലിനെ സംബന്ധിച്ചു മുസ്ലിമിങ്ങളുടെ ഇടയിലുള്ള അഭിപ്രായംഎന്താണെന്നു അറിഞ്ഞതിന്നുശേഷം വേണമെന്നുണ്ടെങ്കിൽ അദ്ദേഹവും ഇതിനെ അനുകൂലിയ്ക്കാൻ ഒരുക്കമാണെന്നും പറയുകയുണ്ടായി. അപ്പോൾ നിശ്ചിതമായ ഒരു അഭിപ്രായം ഇവിടെ ആരും ഇതേവരെ പുറപ്പെടുവിച്ചിട്ടില്ല. അതുകൊണ്ടു ഏറ്റവും കുഴപ്പം പിടിച്ച ഒരു പ്രശ്നമാണു് ഇതെന്നു ബോദ്ധ്യമായിരിക്കുന്നു. ഈ നിലയിൽ ഈ ബില്ലിനെ സംബന്ധിച്ചു ഈ സഭയിൽവെച്ചു ഒരു തീരുമാനമെടുക്കേണ്ട കാര്യമില്ല. പൊതുജനാഭിപ്രായം നല്ലവണ്ണം അറിഞ്ഞശേഷമേ ഇതിനെപ്പറ്റി ഈ സഭ കൂടുതൽ ചിന്തിയ്ക്കേണ്ടതായിട്ടുള്ളൂ എന്നാണു് എനിയ്ക്കു പറയുവാനുള്ളതു്.

എന്റെ സ്നേഹിതൻ മിസ്റ്റർ എഴത്തശ്ശൻ ഒരു കാര്യം പറയുകയുണ്ടായി. അതിനോടു് യോജിക്കാൻ എനിക്കിപ്പോൾ അത്ര സമ്മതമില്ല. എല്ലാ ജാതിമതക്കാരും ഒരേവിധത്തിലുള്ള ആചാരാനുഷ്ഠാനത്തിൽ വരണമെന്നുള്ള അദ്ദേഹത്തിന്റെ അഭിപ്രായത്തോടു യോജിക്കാൻ കുറെ ബുദ്ധിമുട്ടായിട്ടാണു് ഞാൻ കരുതുന്നതു്. പല കാര്യങ്ങളിലും വ്യത്യസ്ഥങ്ങളായ ആചാര നടപടികളാണു് ഓരോരോ സമുദായങ്ങളും ഇപ്പോൾ അനുവർത്തിച്ചു വരുന്നതു്. ഒരു സമുദായത്തിന്നു നന്നെന്നു തോന്നുന്ന ഒരു പ്രത്യേകനടപടി മറ്റു സമുദായങ്ങൾക്കു് അത്ര സുഖകരമായി തോന്നിയെന്നുവരില്ല. അതു് എല്ലാ സമുദായക്കാരും ആചരിക്കണമെന്നു് നിർബന്ധിച്ചു പറഞ്ഞാൽ ന്യായമായിരിക്കുമോ എന്നു്, ഞാൻ സംശയിക്കുന്നു. ഐകൃത മിക്കസംഗതികളിലും ആവാം. പക്ഷെ ഉടനടി എല്ലാക്കാര്യത്തിലും ആവണമെന്നു് ശഠിക്കുന്നതു കലാപങ്ങൾക്കു വഴി തെളിക്കലായിരിക്കയല്ലെ ചെയ്യുന്നതെന്നും ഞാൻ സംശയിക്കുന്നു. ഏതായാലും എറണാകുളം വനിതാമെമ്പർ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബില്ലിലെ തത്വത്തെപ്പറ്റി അഭിപ്രായം പ്രകടിപ്പിക്കുവാനുള്ള ഒരു അവസരം ഈ സഭയ്ക്കു ഉണ്ടാക്കിത്തന്നതിൽ ഉള്ള് കൃതജ്ഞത രേഖപ്പെടുത്തുകയെന്നുള്ളതിൽ കവിഞ്ഞു് തല്ക്കാലം ബില്ലിനെപ്പറ്റി കൂടുതൽ ഈ സന്ദർഭത്തിൽ എനിക്കൊന്നും തന്നെ പറയുവാനില്ല.

* മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: സർ, ഈ തരത്തിലുള്ള ഒരു ബിൽ മിസ്സിസ്സ് ഫ്രാൻസിസ് കൊണ്ടുവന്നിട്ടുള്ളതു് തീച്ചയായും വനിതാലോകത്തിന്നു് വലിയ ഒരു കാര്യമായി ഞാൻ കാണുന്നു. അതിനുള്ള കാരണം മറ്റൊന്നുമല്ല. മിസ്സിസ്സ് ഫ്രാൻസിസ് ഒരു വനിതയാണു്. വനിതകളുടെ അവകാശങ്ങൾക്കു് വേണ്ടി എത്രയും ശക്തിയായി വാദിക്കാൻ സാധിക്കുമോ, അതേപ്രകാരം ചെയ്യേണ്ടതു് അവരുടെ കടമയാണു് എന്നു് എനിക്കു് ബോദ്ധ്യമുണ്ടു്. എന്നാൽ ഈ ബില്ലു്, ഈ സമ്പ്രദായത്തിൽ കൊണ്ടുവന്നതു് അത്ര ശരിയാണെന്നുള്ള അഭിപ്രായം എനിക്കില്ല. കാരണം, കൊച്ചിരാജ്യത്തു് അനവധി സമുദായക്കാരുണ്ടു്. ഹിന്ദുസമുദായം, ക്രൂസ്തീയ സമുദായം, മുഹമ്മദീയ സമുദായം, ഹിന്ദുസമുദായത്തിൽ തന്നെ പല വിഭാഗവും ഇങ്ങിനെയെല്ലാമുണ്ടു്. അങ്ങിനെയുള്ള ഓരോസമുദായത്തിന്നും ഓരോനിയമങ്ങളുമുണ്ടു്. മിസ്റ്റർ എഴത്തശ്ശൻ ഉന്നയിച്ച ആ വാദം സ്വീകരിക്കണമെങ്കിൽ, കൊച്ചിരാജ്യത്തെ ജനങ്ങളെല്ലാവരും ഒരേസമുദായത്തിൽപ്പെട്ട ആളുകളാകണം. കുടുംബജീവിതം ഒരേതരത്തിലുള്ള ആളുകളാണെന്നു് വന്നാൽ ഇങ്ങിനെ ഒരു നി

*Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

യമംകൊണ്ട് നമുക്ക് ഉപ്പിപ്പെടാൻ സാധിക്കുമെന്നുള്ളതിനു് സംശയമില്ല. മുഹമ്മദീയ രെസംബന്ധിച്ചു് പറയുകയാണെങ്കിൽ, അവരെ ബാധിക്കുന്ന നിയമം മുഹമ്മദീയ നിയമമാ ണു്. അവരുടെ ജീവിതത്തിന്റെ നാനാവശങ്ങളും ആ നിയമത്തിൽ നിശ്ചയിച്ചിട്ടുണ്ടു്. അവരുടെ കുടുംബജീവിതം മതത്തെ അടിസ്ഥാനപ്പെടുത്തിയാണു് നിശ്ചയിച്ചിട്ടുള്ളതു്. കുടുംബജീവിതം, Patriocal system എന്നും, Matriocal system എന്നും രണ്ടു രീതിയിലാ ണു്. അതായതു് പിതൃവഴിപിടിച്ചു്, ആ വഴിക്കു് കുടുംബജീവിതം അനുഷ്ഠിക്കുന്നവർ, മാതൃവഴിപിടിച്ചു് ആ നിലക്കു് കുടുംബജീവിതം നയിക്കുന്നവർ. എന്നിങ്ങിനെ രണ്ടു വഴി കളാണു്. നായന്മാരുടെ മരുമക്കത്തായം മാതൃവഴിയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാ ണു്. ഇതു് അവരുടെ നിയമം നോക്കിയാൽ കാണാം. ക്രസ്ത്യാനികളുടെ ഇടയിൽ പി തൃവഴിക്കായതുകൊണ്ടു് അവർ മക്കൾക്കാണു് പിൻതുടർച്ചാവകാശം കൊടുക്കുന്നതു്. ഫ്രഞ്ച് ലോ അതെന്നു് തോന്നുന്നു ഇവിടത്തെ ക്രസ്ത്യാനികളുടെ അവകാശക്രമത്തെ സം ബന്ധിച്ചു് ഒരു നിയമം വേണമെന്നു് ജനങ്ങളുടെ ഇടയിലുണ്ടായ അഭിപ്രായമനുസരി ച്ചാണു് ഇപ്പോൾ നിലവിലുള്ള നിയമം ഈ നാട്ടിൽ കൊണ്ടുവന്നിട്ടുള്ളതു്. അന്നുണ്ടാ യ അഭിപ്രായത്തിൽ ഭൂരിപക്ഷത്തിന്നും സ്ത്രീകൾക്കു് മൂന്നിലൊന്നു് അവകാശം കൊടുക്ക ണമെന്നുള്ള അഭിപ്രായമില്ലായിരുന്നു. നാലിൽ ഒന്നു് കൊടുക്കണമെന്നേ ഉണ്ടായിരു ന്നുള്ളൂ. എന്നാൽ ആ കമ്മിറ്റിയിലുള്ള ആളുകൾക്കു കുറെക്കൂടി പുരോഗമനപരമായിട്ടു് പ്രവർത്തിക്കേണ്ട ചുമതലയുണ്ടെന്നു് തോന്നിയപ്പോൾ അതു് മൂന്നിലൊന്നു് എന്നു് നിശ്ച യിച്ചതു്.

ഈ ബിൽ ഇതേമാതിരിതന്നെ ഇവിടെ പാസ്സാക്കിയാൽ ഇവിടെയുള്ള എല്ലാ നിയ മങ്ങളിലും മാറ്റം വരുത്താതെ കഴിയുകയില്ല. ഒരു പക്ഷെ നായർ റഗുലേഷനിൽ വലിയ മാറ്റം വരുത്തേണ്ടതായി വരികയില്ലായിരിക്കാം. ആ നിലക്കു് വേണ്ടിയിരുന്നതു് Christian Succession Act-ൽ ഇന്നിന്ന വകുപ്പുകൾക്കു് മാറ്റം വരുത്തുകയും മുഹമ്മദീയ നിയമങ്ങളിൽ ഇന്നിന്ന വകുപ്പുകളിൽ ഇന്നിന്നമാറ്റം വരുത്തുകയും ആയിരുന്നു. അങ്ങി നെയല്ലാതെ ഇത്തരം നിയമങ്ങൾ കൊണ്ടുകെട്ടാകെയുള്ള നിയമങ്ങൾക്കു പൊതുവായ ഒരു ഭേദഗതി ചെയ്യാൻ നിവൃത്തിയില്ല. കൊച്ചിൻ പീനൽക്കോഡിൽ ഒരു മാറ്റം വരുത്തുക യാണെങ്കിൽ അതു് എല്ലാ സമുദായക്കാർക്കും ഒരുപോലെ ബാധകമായിട്ടുള്ളതായിരിക്കും. എന്നാൽ സാമുദായികമായ ജീവിതത്തെ സ്പർശിക്കുന്ന ഇത്തരം നിയമങ്ങളിൽ അങ്ങിനെ ചെയ്യുവാൻ തരമില്ല. നായർ റഗുലേഷനിലും മറ്റും Marriage-നെ സംബന്ധിച്ചു ചില വ്യവസ്ഥകളുണ്ടു്. അതായതു് Divorse അനുവദിക്കാൻ പാടില്ലാത്ത ചില നിയമങ്ങ ളുണ്ടു്. അങ്ങിനെ പല ബുദ്ധിമുട്ടുകളും ഈ കാര്യത്തിലുണ്ടു്. നേരെമറിച്ചു് എല്ലാവർക്കും ഒരേജീവിതരീതിയും, ഒരേ സമുദായക്രമവുമായിരുന്നെങ്കിൽ എല്ലാവർക്കും ബാധകമായ ഒരേ നിയമം മതി. ആ നിലയിൽ എല്ലാവരും എത്തീട്ടില്ല. ഇങ്ങിനെ എല്ലാവർക്കും പൊതുവെ ഒരു നിയമംതന്നെ ബാധകമാക്കുകയാണെങ്കിൽ, മിശ്രവിവാഹവും മറ്റും വേണ്ടിവരും. എന്നാൽ നമ്മൾ അത്രത്തോളം പുരോഗമിച്ചിട്ടുണ്ടോ എന്നുള്ള question ആണു്, ഇന്നു്. ഇത്രത്തോളം പുരോഗതിയെ പ്രാപിച്ചിട്ടുള്ള ഇക്കാലത്തുപോലും അമ്പ്രിക്കയിൽ വളരെ അപരിഷ്കൃതരായ ആളുകൾ ഉണ്ടു്. അവരുടെ ഇടയിൽ ഡെമൊക്രസി വേണമെന്നു് നാം പറഞ്ഞാൽ അതുകൊണ്ടു് യാതൊരു കാര്യവുമില്ല. ഡെമൊക്രസി വേണമെന്നു് പറയു മ്പോൾ, അതിന്റെ Fundamental principles അനുസരിച്ചു് പ്രവർത്തിക്കുവാൻ സാധി ക്കുമോ എന്നു് നോക്കേണ്ടിയിരിക്കുന്നു. 21 വയസ്സിൽ കൂടുതൽ ഉള്ളവർക്കൊക്കെ വോട്ട വകാശം കൊടുക്കുന്നതു് ശരിയാണെന്നു് പറയാൻ ഞാൻ തയ്യാറില്ല. അതിനു് തക്കനില യിൽ നാം പുരോഗമിച്ചിട്ടുണ്ടെങ്കിൽ അതു ശരിതന്നെ. ഭൂരിപക്ഷം ജനങ്ങളും അതിനു് തക്കനിലയിൽ എത്തണം. എന്നാൽ Adult Franchise, കൊടുത്തതു് തെറ്റാണെ ന്നല്ല ഞാൻ പറയുന്നതു്. അതുകൊണ്ടു് വേണ്ടതുപോലെയുള്ള ഫലം കിട്ടുമോ ഇല്ല യൊ എന്നുള്ളതാണു് നാം ആലോചിക്കേണ്ടതു്. ഒരു ദിവസംകൊണ്ടോ രണ്ടു ദിവസം കൊണ്ടോ ജനങ്ങളുടെ ഇടയിലുള്ള ആചാരങ്ങൾ മുഴുവൻ മാറ്റാൻ സാധ്യമുള്ള കാര്യ മല്ല. കത്തോലിക്കരെ സംബന്ധിച്ചു് പറയുകയാണെങ്കിൽ, ഈ നിയമം അവർക്കു് അത്ര സമ്മതമായിരിക്കാൻ വഴിയില്ല. അതിനെ സംബന്ധിച്ചു് പ്രത്യേകം പറയുവാൻ എനി ക്കധികാരമുണ്ടു്. കാരണം, അതിനെപ്പറ്റി കൂടുതൽ എനിക്കറിവുള്ളതുകൊണ്ടു തന്നെയാ ണു്. ചില സമുദായങ്ങൾക്കു്, അതായതു് യാതൊരു സ്വത്തും ഇല്ലാത്ത ചിലർക്കു് എന്തു്

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. R. Iyyunni]

നിയമം വന്നാലും വിരോധമില്ല. അവക്ക് ഇതിന്റെ Abstract principles വെച്ച് നോക്കുമ്പോൾ എന്തു് നിയമമായാലും വിരോധമില്ല. എന്നാൽ കത്തോലിക്കരെ സംബന്ധിച്ചു് പറയുകയാണെങ്കിൽ മിക്കവാറും ജനങ്ങൾ, കച്ചവടം, വ്യവസായം, എന്നിവകളിൽ വ്യാപൃതരായിട്ടുള്ളവരാണു്. അങ്ങിനെ ഉള്ള ആളുകൾക്കു് ഈ പറഞ്ഞ തോതനുസരിച്ചു്, പുത്രനും, പുത്രിക്കും ഉള്ള അവകാശം ഒരേമാതിരിയാണെന്നു് കണക്കാക്കുക. അങ്ങിനെയിരിക്കെ പിതാവു് മരിച്ചു എന്നു് വെയ്ക്കുക. ആസമയം പലതരത്തിലുള്ള വ്യവസായങ്ങളും എപ്പാട്ടുകളും നടന്നുകൊണ്ടിരിക്കുന്ന സമയമായിരിക്കും. മിക്കവാറും സ്ഥാവര സ്വത്തായിരിക്കുകയില്ല. ഒരു പക്ഷെ ഉള്ള സ്വത്തിൽ ൧൫ ശതമാനവും വ്യാപാരത്തിൽ കിടന്നു് തിരിയുന്ന സമയമായിരിക്കും. അങ്ങിനെയിരിക്കുമ്പോൾ പിതാവിന്റെ മരണശേഷം ഉള്ള സ്വത്തു് സമാവകാശമായി ഭാഗിക്കേണ്ടിവന്നാൽ ആ സമുദായത്തെ സംബന്ധിച്ചിടത്തോളം ആ കുടുംബം മുമ്പു് ഏതു് നിലയിലാണൊ നടന്നിരുന്നതു് അതിന്റെ രണ്ടു് ഡിഗ്രി താഴ്ന്ന ഒരു നിലയിൽപോലും അതിനെ പിന്നീടു് കൊണ്ടുനടക്കുവാൻ പ്രയാസമായിരിക്കും. സ്ഥാവര വസ്തുക്കൾ ഉള്ള ആളുകൾക്കാണെങ്കിൽ അതു് വലിയ കാര്യമായി ബാധിക്കുകയില്ല. എന്നുവെച്ചു് സ്ത്രീകൾക്കു് അവകാശം ഒട്ടും വേണ്ട എന്നു പറഞ്ഞാൽ അതു ശരിയായിരിക്കുകയില്ല. എന്താണു് പുത്രനും പുത്രിക്കും ഒരേതരത്തിലുള്ള അവകാശം കൊടുക്കണമെന്നു് പറയുന്നതിന്റെ ആവശ്യം? അവരെ രണ്ടു കൂട്ടരേയും ഒരേമാതിരി കൊണ്ടുപോകണമെന്നുള്ളതാണു് പ്രധാന ആവശ്യം. എന്നാൽ ക്രിസ്ത്യൻ സമുദായത്തിൽ ആൺമക്കളാണു് പിതാവിന്റെ ഒപ്പം പ്രയത്നിച്ചു് ആ കുടുംബം സംരക്ഷിച്ചു പോരുന്നതു്. പെൺകുട്ടികളെ കല്യാണം കഴിച്ചു് കൊടുത്തശേഷം, പിതാവൊന്നിച്ചു്, ൧൦,— ൧൫ വയസ്സായ ആൺകുട്ടി പ്രയത്നിച്ചു് കുടുംബത്തെ പുഷ്ടിപ്പെടുത്തിക്കൊണ്ടുവരുന്നു. അങ്ങിനെയിരിക്കെ പിതാവിന്റെ മരണശേഷം, മുതൽ ഒപ്പം ഭാഗിക്കണം എന്നു് പറഞ്ഞാൽ, അല്ലെങ്കിൽ ഒപ്പം അവകാശം കൊടുക്കത്തക്ക ഒരു നിയമം വേണമെന്നു പറഞ്ഞാൽ അതു് കാര്യമാണെന്നു പറയാൻ ഞാൻ വിചാരിക്കുന്നില്ല. പിന്നെ ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, സ്വത്തുണ്ടെങ്കിലും ഇല്ലെങ്കിലും പിതാവിനെ സംരക്ഷിക്കേണ്ട ചുമതല ആൺമക്കൾക്കാണു്. പെൺമക്കൾ ഉള്ള സ്വത്തും പങ്കുവെച്ചു് കൊണ്ടുപോയി അവരുടെ ഭർത്താക്കന്മാരുമായി കഴിയുകയാണെങ്കിൽ പിതാവിനെ ആരു് സംരക്ഷിക്കും? ക്രിസ്ത്യാനികളുടെ നടപ്പനുസരിച്ചു് പിതാവു് പെൺമക്കളുടെ വീട്ടിൽപോയി താമസിക്കുക എന്നു് പറഞ്ഞാൽ അതു് ആർക്കും സമ്മതമാകുകയില്ല. ഇതു് പ്രത്യേകമായി ഒരു സമുദായത്തിന്റെ ഇടയിലുള്ള നടപടിയെക്കുറിച്ചു് പറഞ്ഞു എന്നേയുള്ളൂ. മകനാണു് പിതാവിനെ സംരക്ഷിക്കേണ്ട ചുമതല. അതുകൊണ്ടു് ഇത്തരം നിയമങ്ങൾ ഉണ്ടാക്കുന്നതുകൊണ്ടു് പല ബുദ്ധിമുട്ടുകൾക്കും ഇടയുണ്ടു്. അതുകൊണ്ടു് ഇതേമാതിരിയുള്ള ഒരു ബില്ലല്ലാ കൊണ്ടുവരേണ്ടതു്: എല്ലാവർക്കും ഒരു ദൈവം, ഒരു ജാതി, ഒരു മതം എന്ന നിലയിൽ എത്തിയാൽ ഈതരം നിയമംമതി. പക്ഷെ ആ നിലയിൽ എത്താത്ത കാലത്തോളം ഇതാണു് നല്ലതെന്നു് പറയാൻ നിവൃത്തിയില്ല. നമ്മളാരും സോക്രട്ടീസിനെപ്പോലെയൊ, മഹാത്മാഗാന്ധിയെപ്പോലെയൊ ഉള്ള ഒരു നിലയിൽ എത്തീട്ടില്ല. അങ്ങിനെ എത്തിയിരുന്നെങ്കിൽ ഒരു നിയമവും വേണ്ട, ഒരു കോടതിയും വേണ്ട ഒന്നും വേണ്ട. ഇല്ലാത്തവനു് ഉള്ളവൻ കൊടുക്കാൻ തയ്യാറായിരിക്കും. ഇന്നു് നാം ആ നിലയിൽ എത്തീട്ടില്ല. അതുകൊണ്ടു് മിസ്സിസ്സു് ഫ്രാൻസിനോടു് എനിക്കു് പറയാനുള്ളതു് എന്താണെന്നവെച്ചാൽ ഇതു പിൻവലിച്ചിട്ടു്, എല്ലാവർക്കും സ്വീകാര്യമായതരത്തിൽ ഒരു ബിൽ കൊണ്ടുവന്നു് അതു് സെലക്ട് കമ്മിറ്റിക്കയച്ചാൽമതി എന്നാണു്. ഇതു് ഈ നിലക്കു് സിലക്ട് കമ്മിറ്റിക്കു് പോയാലും ഒരു തീരുമാനം ഉണ്ടാകാൻ പോകുന്നില്ലെന്നാണു് എനിക്കു് തോന്നുന്നതു്. അതുകൊണ്ടു് ഞാൻ പറയുന്നതു് ഈ ബിൽ പിൻവലിച്ചു്, മറ്റു് നിലവിലിരിക്കുന്ന നിയമങ്ങളിൽ അതാതു് ഭാഗത്തു വേണ്ടത്തക്ക മാറ്റങ്ങൾ വരുത്തുകയാണു് വേണ്ടതു് എന്നാണു്.

* മിസ്റ്റർ എം. കെ. രാജ: സർ, ഈ ബില്ലിനെ ഞാൻ സസന്തോഷം അനുകൂലിക്കയാണു് ചെയ്യുന്നതു്. പക്ഷെ, എന്റെ അനുകൂല്യം എത്ര ശക്തിയേറിയതായാലും അവതാരകിയെ സംബന്ധിച്ചിടത്തോളം അത്ര വളരെ ഉപകാരപ്രദമാകുമെന്നു് അവർ വിചാരിക്കേണ്ട. കാരണം, ഇതിൽ ഉൾക്കൊണ്ടിട്ടുള്ള തത്വത്തെ സംബന്ധിച്ചിടത്തോളം യാതൊരു

*Speech not corrected by the Hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

വിഷമവുമില്ലാത്ത ഒരു ജനവിഭാഗത്തിൽപ്പെട്ട ഒരാളാണ് ഞാൻ. സ്ത്രീകളുടെ സ്വത്താവകാശത്തെ സംബന്ധിച്ചും അവരുടെ സാമ്പത്തികമായ സ്ഥിതിയെ സംബന്ധിച്ചും അങ്ങേയറ്റം വരെ സമതലം അനുവദിക്കാൻ തയ്യാറുള്ള, സാമ്പത്തികമായി സ്ത്രീകൾക്ക് ഒരു ഉയർന്ന സ്ഥാനം നൽകിട്ടുള്ള ഒരു സമുദായത്തിൽനിന്നാണ് ഞാൻ വരുന്നതു്. അങ്ങിനെ വരുമ്പോൾ എന്റെ അഭിപ്രായത്തിനു വലിയ വിലയുണ്ടാകുമെന്നു കരുതരുതു്.

മിസ്റ്റർ ഇയ്യണ്ണിയേപ്പോലെയുള്ള ആളുകളുടെ ശക്തിയേറിയ എതിർപ്പുകൾ നോക്കിയാൽ അവ എന്റെ ആനുകൂല്യത്തെപ്പോലെ നിസ്സാരമാക്കി തള്ളേണ്ടവയല്ല. "നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്ന വളരെക്കാലങ്ങൾക്കുമുമ്പു നിയമസംഹിതയിൽ എഴുതിവെച്ചിട്ടുള്ള ആ സിദ്ധാന്തം വിശ്വസിക്കുന്ന ഒരു സമുദായത്തിൽപ്പെട്ട ആളുകളാണ് എങ്കിൽകൂടി മരുമക്കത്തായത്തറവാടുകളിലെ സ്ത്രീകളുടെ സാമ്പത്തികമായ സ്ഥിതിയെ സംബന്ധിച്ചിടത്തോളം ഒരു കാലത്തും വിഷമമുണ്ടായിട്ടില്ല. 'നഃ സ്ത്രീസ്വാതന്ത്ര്യമർഹതി' എന്ന നിയമമെഴുതിട്ടുണ്ടെങ്കിൽ മറെറാരു ഭാഗത്തു 'സ്ത്രീണാം ശതാപരിധ്യാംചേൽ പുഷ്പേണാപിനഃ താഡയേൽ" എന്നുകൂടി എഴുതിയിട്ടുണ്ടു്. അതായതു്, ഒരു സ്ത്രീ ആയിരം കുറ്റങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽതന്നെ അവളെ ഒരു പുഷ്പം കൊണ്ടുപോലും അടിക്കാൻ പാടില്ല എന്നു പറയുന്നുണ്ടു്. അത്രത്തോളം സ്ത്രീകളെ സംബന്ധിച്ചിടത്തോളം ആനുകൂല്യം പ്രദർശിപ്പിച്ചിട്ടുള്ള ഒരു സമുദായത്തിൽപെട്ട ആളാണ് ഞാൻ എന്നതുകൊണ്ടു് എന്റെ അഭിപ്രായം അവതരിപ്പിക്കുന്നു് അത്ര സഹായകമാകാൻ തരമില്ല. എന്റെ അഭിപ്രായത്തിൽ സ്ത്രീകളെ സംബന്ധിച്ചിടത്തോളം കുറെക്കൂടി വിശാലമായ വീക്ഷണകോണത്തിൽനിന്നു വേണം അവരുടെ അവകാശങ്ങളെ കുറിച്ചു പരിചിന്തിക്കാനെന്നാണ്. നമ്മുടെ സാമ്പത്തിക നിയമങ്ങളും കുറെക്കൂടി പരിഷ്കരിക്കേണ്ടതാണു്. ഹിന്ദുക്കളുടേയും മുസ്ലിമുകളുടേയും ക്രസ്ത്യാനികളുടേയും മറ്റും നിയമങ്ങളും, ആധുനിക അന്താരാഷ്ട്രീയമാനദണ്ഡങ്ങൾക്കു് യോജിച്ചവയല്ല. ഇവിടെ പ്രസംഗിച്ചുവരിൽ ഒന്നുരണ്ടു മാന്യമെമ്പർമാർ സൂചിപ്പിച്ചതുപോലെ എല്ലാ സമുദായങ്ങൾക്കും ബാധകമായ ഒരു ദായക്രമവും സ്വത്തുടമസ്ഥസ്ഥായങ്ങളുമടങ്ങുന്ന ഒരു Common civil law ഉണ്ടായിക്കാണണമെന്നാഗ്രഹിക്കുന്ന ആളാണ് ഞാൻ. മറ്റു പല വിഷയങ്ങളിലും ഒരുതരം വിശാലമായ അന്താരാഷ്ട്രീയമാനദണ്ഡം സ്വീകരിക്കുവാൻ നാം തയ്യാറായിട്ടുണ്ടു്. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം International Labour Conferences-ന്റെ സിദ്ധാന്തങ്ങളും മറ്റും ഇന്ത്യാ ഗവണ്മെണ്ടും ഇന്ത്യയിലെ മറ്റു ഗവണ്മെണ്ടുകളും സ്വീകരിച്ചിട്ടുണ്ടു്. അതനുസരിച്ചാവശ്യമായ നിയമങ്ങളുമുണ്ടാക്കിയിരിക്കുന്നു. കാർഷികപ്രശ്നങ്ങളെ സംബന്ധിച്ചും Food and Agricultural Organisation ഉണ്ടായിട്ടുണ്ടു്; ആ സംഘടനയുടെ സിദ്ധാന്തങ്ങളും നമ്മുടെ ഗവണ്മെണ്ടുകളും നടപ്പിൽ വരുത്തുവാൻ പരിശ്രമിക്കുന്നുണ്ടു്. ഞാൻ ചോദിക്കുന്നു നമ്മുടെ കുടുംബകാര്യങ്ങളും സാമ്പത്തികകാര്യങ്ങളും കൂടി ഒരന്താരാഷ്ട്രീയ മാനദണ്ഡംവെച്ചു അതിനനുസരിച്ചു നിയമങ്ങൾ നടപ്പിൽ വരുത്താനെന്താണ് വിഷമം എന്നു്? അതിനുപുറമെ ഇന്നു ലോകത്തിലെ എല്ലാ സമുദായങ്ങളിലേയും എല്ലാ അംഗങ്ങളുടെ രക്ഷയേയും ശ്രേയസ്സിനേയും സംബന്ധിച്ചുള്ള നിയമങ്ങൾ പരക്കെ സ്വീകരിക്കപ്പെട്ടിട്ടുണ്ടു്. പ്രസിഡണ്ട് റൂസ്വെൽട്ട് ഉപപാദിച്ച Four Freedoms എന്നു പറയുന്നതിൽ ആളുകൾക്ക് സുഖമായി ജീവിക്കാനുള്ള security സുപ്രസിദ്ധമാണ്. എല്ലാ രാജ്യങ്ങൾക്കും അതു സ്വീകാര്യമാണ്. അങ്ങിനെയുള്ള ഒരു പൊതു തത്വം സ്ത്രീകളുടെ സ്വത്തവകാശത്തെ സംബന്ധിച്ചും സ്വീകരിക്കണമെന്നാണ് ഈ ബില്ലിൽ പറയുന്നതു്.

The House rose for lunch at 1-30 p. m. and reassembled at 2-30 p. m. with M. R. Ry. P. K. Dewer Avl., Deputy President, in the Chair.

മിസ്റ്റർ എം. കെ. രാജ: സാമൂഹ്യജീവിതത്തിലെ അടിസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം, സാമാന്യമായി എല്ലാസമുദായങ്ങൾക്കും ബാധകമായിട്ടുള്ള ചില തത്വങ്ങളെ സ്വീകരിക്കുന്നതു് ആശാസ്യമായിരിക്കുമെന്നാണ് ഞാൻ ഇതുവരെ പറഞ്ഞുകൊണ്ടുവന്നതു്. നമ്മുടെ സാമുദായികജീവിതത്തിന്റെ പല വശങ്ങളിലും അത്തരത്തിലുള്ള മാനദണ്ഡങ്ങൾ സ്വീകരിക്കാൻ തയ്യാറായിട്ടുള്ള നാം ഈവക കാര്യങ്ങളെ സംബന്ധിച്ചുമാത്രം മതത്തിന്റെ പേരിലൊ സാമുദായികതാൽപര്യത്തിന്റെ പേരിലൊ ഉള്ള പ്രായോഗികവിഷമതകളുടെ പേരിൽ എതുക്കുന്നതു് ന്യായമായിരിക്കുകയില്ലെന്നാണ് എനിക്കു തോന്നുന്നതു്. ഇവിടെ പ്രസംഗിച്ച ഏതാനും മാന്യമെമ്പർമാർ ഈ ബില്ലു് നിയമമാക്കുകയാണെങ്കിൽ ഉണ്ടാകാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. K. Raja]

വന്ന ചില വിഷമതകളെ ചൂണ്ടിക്കാണിച്ചു് ഇതിനെ് എതിർക്കുകയുണ്ടായി. ഇങ്ങിനെ പുരോഗമനപരമായ ഏതു നിയമം വരുമ്പോഴും, സമുദായത്തിന്റെ പേരിൽ നിലവിലുള്ള ഏതു നിയമം അമെൻഡുചെയ്യുമ്പോഴും ഇത്തരത്തിലുള്ള വിഷമങ്ങളുണ്ടാകുമെന്നുള്ളതു് സാധാരണമാണു്. സമുദായത്തിൽ യാതൊരു തരത്തിലുമുള്ള മാറ്റങ്ങളുമുണ്ടാകാതെ വല്ല നിയമവുമുണ്ടാക്കുവാൻ നമുക്കു കഴിയുമോ? ഇന്നു ക്ഷേത്രപ്രവേശനവിളംബരം നമ്മൾ സ്വാഗതം ചെയ്തു. സാമുദായികമായ യാതൊരു ഇളക്കങ്ങളുമില്ലാത്ത ഒരു നിയമമാണോ അതു്? അതുപോലെ പ്രായപൂർത്തിവോട്ടവകാശത്തെക്കുറിച്ചും വിഷമമില്ലാത്തതുകൊണ്ടാണോ നമ്മൾ സ്വീകരിച്ചതു്? ജനകീയഭരണത്തിന്റെ വിജയത്തിനു് പ്രായപൂർത്തിവോട്ടവകാശം ആവശ്യമാണെന്നുള്ളതുകൊണ്ടാണു് നമ്മൾ ആ തത്വം സ്വീകരിച്ചതു്. അങ്ങിനെ തത്വം സ്വീകരിച്ചതിനുശേഷമാണു് നമ്മൾ വിഷമങ്ങളെക്കുറിച്ചാലോചിക്കേണ്ടതു്. തത്വം സ്വീകാര്യമാണോ എന്നാണു നോക്കേണ്ടതു്. ആ നിലയിൽ സ്ത്രീക്കും പുരുഷനെപ്പോലേതന്നെ സ്വത്തിന്മേൽ അവകാശമുണ്ടായിരിക്കണമോ എന്ന തത്വത്തെപ്പറ്റിയാണു് ഇതിൽ ആലോചിക്കേണ്ടതു്. ആ തത്വം സ്വീകരിച്ചാൽ പിന്നെ അതിനാലുണ്ടാകാവുന്ന വിഷമം നിയമനിർമ്മാണംകൊണ്ടു് നമുക്കു പരിഹരിക്കാം. പിന്നെ സാമുദായിക നിയമങ്ങളെപ്പറ്റി പറയുമ്പോൾ നമ്മൾ പഴയകാലങ്ങളിലേയ്ക്കുതന്നെ മടങ്ങിപ്പോകാനാഗ്രഹിക്കുന്ന ഒരു വാസന കാണാറുണ്ടു്; അതു് ഉപേക്ഷിക്കണം. പണ്ടുള്ളകാലത്തെ ചില പ്രത്യേക പരിതഃസ്ഥിതിയാൽ എഴുതിവെച്ചിട്ടുള്ള നിയമങ്ങൾ എടുത്തുവെച്ചു് ഇനിയും നാം അത്രമാത്രമേ പോകാൻ പാടുള്ളൂ എന്നു പറയുന്ന ആ വാദഗതി സ്വീകരിക്കാൻ നിവൃത്തിയില്ല. മറ്റു രാജ്യങ്ങൾ അംഗീകരിച്ചിട്ടുള്ള നിയമങ്ങളെ അടിസ്ഥാനപ്പെടുത്തി ന്യായത്തിനും യുക്തിക്കും യോജിച്ച തരത്തിൽ നമ്മൾക്കാവശ്യമായ നിയമങ്ങളും നമ്മൾ സ്വീകരിക്കണം.

ഈ തരം ഒരു നിയമമുണ്ടായാൽ വിവാഹകാര്യത്തിലുണ്ടായേക്കാവുന്ന വിഷമങ്ങളെപ്പറ്റിയും സ്ത്രീധനസമ്പ്രദായത്തെപ്പറ്റിയും പലരും പ്രസംഗിച്ചു. ഈ നിയമം നടപ്പിൽ വന്നാൽ പെൺകുട്ടികളെ കല്ല്യാണം കഴിക്കാൻ വിഷമമുണ്ടാകുമെന്നു്; സ്ത്രീധനകാര്യത്തിൽ വിഷമം വരാം എന്നു്. ഞാൻ പറയുന്നതു് സ്ത്രീകളുടെ വിവാഹവും സ്ത്രീധനം നൽകുന്നകാര്യവും അവരുടെ സ്വത്തവകാശം നിർണ്ണയിക്കുന്ന ഈ നിയമവുമായി യാതൊരു ബന്ധവുമില്ലെന്നാണു്. വാസ്തവത്തിൽ ഈ നിയമം ഇല്ലാത്തതുകൊണ്ടാണു് പല സമുദായങ്ങളിലും സ്ത്രീധനസമ്പ്രദായം നടപ്പിൽ വന്നതു്. മരുമക്കത്തായ തറവാടുകളിൽ വളരെക്കാലം മുമ്പു മുതൽക്കുതന്നെ ഈ ഏർപ്പാട് നടപ്പില്ല. കാരണം, സ്ത്രീകൾക്കു മരുമക്കത്തായതറവാടുകളിൽ സ്വത്തവകാശം അനുവദിച്ചുകൊടുത്തിട്ടുള്ളതുകൊണ്ടാണു്. പിന്നെ വിവാഹകാര്യത്തിലുള്ള വിഷമങ്ങൾ അതു കാര്യമായ ഒന്നല്ല. ഈ നിയമംമൂലം വിവാഹകാര്യത്തിൽ വിഷമമുണ്ടാകയില്ല. മറ്റു ചില കാരണങ്ങൾകൊണ്ടു്, ചില സാമൂഹ്യകാരണങ്ങൾകൊണ്ടു് ഓരോ സമയത്തും ഓരോ ദേശത്തും വിവാഹകാര്യത്തിൽ വിഷമമുണ്ടാകാം. യൂറോപ്പിലെ പല രാജ്യങ്ങളിലും വലിയൊരു ശതമാനം സ്ത്രീകൾക്കും ഇന്നു വിവാഹം കഴിക്കാൻ സാധിക്കുന്നില്ലെന്നു പറയുന്നു. ഈവക നിയമങ്ങൾ അവിടെയുള്ളതുകൊണ്ടല്ല വിവാഹകാര്യത്തിൽ വിഷമം വന്നിട്ടുള്ളതു്. അതുകൊണ്ടു ഈ ബിൽ പാസ്സായാൽ വിവാഹകാര്യത്തിൽ കുഴപ്പമുണ്ടാകുമെന്നു വിചാരിക്കേണ്ട.

പിന്നെ സ്ത്രീകളുടെ പേരിൽ ഒരു സ്ത്രീമെമ്പർതന്നെ അവതരിപ്പിച്ചിട്ടുള്ള ഈ ബില്ലിനെ മറ്റു മെമ്പർമാർ ആരും എതിർക്കുന്നതു ശരിയല്ലെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. അവരുടെ അവകാശം പറയാനുള്ള അധികാരം അവർക്കുതന്നെ നാം വിട്ടുകൊടുക്കണം. അതിനെ പുരുഷന്മാർ എതിർക്കരുതു്.

അവസാനമായി മിസ്റ്റർ പി. നാരായണമേനോൻ കൊണ്ടുവന്ന ഒരു വാദത്തിനുകൂടി സമാധാനം പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കാം. അദ്ദേഹം അതു് തമാശയിൽ പറഞ്ഞതാകാം. ഈ നിയമംമൂലം ഭാവിപൗരന്മാർ നാട്ടിലുണ്ടാകാനിടവരുമെന്നു് അദ്ദേഹം പറഞ്ഞു. അതായതു് അന്യരാജ്യക്കാർ നമ്മളുമായി വിവാഹബന്ധത്തിലേർപ്പെടുമ്പോൾ രാഷ്ട്രീയമായ ചില കുഴപ്പങ്ങളുണ്ടാകാമെന്നു അദ്ദേഹം സൂചിപ്പിച്ചു. അതു് ഈവക നിയമത്തെസംബന്ധിച്ചു അജ്ഞതകൊണ്ടുള്ള ഭീതിയാലാണെന്നു പറയാതെ തരമില്ല. കാരണം, ഈവക Personal law യും അന്താരാഷ്ട്രീയനിയമങ്ങളും രണ്ടും രണ്ടാണു്. മറ്റു രാജ്യക്കാരുമായുള്ള വിവാഹബന്ധങ്ങളെ കണക്കാക്കുന്നതു് Internatinoal law അനുസരിച്ചാണു്. അതു് എല്ലാപേക്ഷിയും സ്വീകാര്യവുമാണു്. അതുകൊണ്ടു് അങ്ങിനെയുള്ള ഒരു ഭീതി ഈ ബില്ലിനെസംബന്ധിച്ചു് ആവശ്യമില്ല. ഈ ബിൽ കേവലം നിരുപദ്രവമായ ഒന്നാണെന്നു

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ വാദിക്കുകയല്ല ചെയ്യുന്നത്. എന്നാൽ ഇതിലെ തത്വം നമ്മൾ സ്വീകരിക്കുന്നപക്ഷം പിന്നീട് നമുക്ക് കൂടുകൾ ക്രമേണ പരിഹരിക്കാൻ സാധിക്കുന്നതാണ്. എല്ലാ സാമുദായികപ്രോഗമനവാദികൾക്കും ഈ ബിൽ സ്വീകാര്യമാണെന്നതന്നെ ഞാൻ വിശ്വസിക്കുന്നു. മിസ്റ്റർ ഇയ്യണ്ണി പറഞ്ഞ വാദത്തിൽ വളരെ കഴമ്പുണ്ടെന്നു തോന്നുന്നു. വാസ്തവത്തിൽ ഈ ബിൽകൊണ്ട് Personal law യിൽ നമ്മൾ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ വരാൻ പോകുന്നില്ല. അതിനു വേണമെങ്കിൽ ഓരോ Personal law യിലും ഭേദഗതികൾ കൊണ്ടുവരണം. അല്ലെങ്കിൽ നിയമപരമായ കുഴപ്പങ്ങൾ വരും. ഒന്നാമതായി ഈ ബില്ലിന്റെ തത്വം സ്വീകരിക്കുക. മറ്റൊന്നിന്റെ പേരിലും ഇപ്പോൾ ഇതിനെ എതിർക്കരുത് എന്നാണ് എനിക്കുള്ള അഭ്യർത്ഥന.

*മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. ഈ ബില്ലിൽ ഉള്ള തത്വം എന്താണെന്നുവെച്ചാൽ പ്രസിഡണ്ടു് റൂസ്വെൽട്ട് പറഞ്ഞിട്ടുള്ള നാലു തത്വങ്ങളിൽ ഉൾപ്പെട്ടതാണ്. എല്ലാവർക്കും (equal rights) സമാവകാശം വേണമെന്നാണ്. അതു് യഥാർത്ഥമാണു്; അതുപ്പോടെ തരക്കേടൊന്നുമില്ല. പക്ഷെ ഇതിൽ ഇത്രവളരെ വാദപ്രതിവാദത്തിന്നിടവന്നതുതന്നെ ഒരൊറ്റ വാക്കുകൊണ്ടാണു്. ആ ഒരു വാക്കുണ്ടായിരുന്നില്ലെങ്കിൽ യാതൊരാളും അതിനെ എതിർക്കുകയില്ലായിരുന്നു. Properties എന്ന ഒരു വാക്കു!! ഈ ഒരൊറ്റ വാക്കു വന്നതുകൊണ്ടാണു് ഇവിടത്തെ മുതലാളികൾ ഇതിനെ എതിർത്തതു്. രണ്ടാമതായി എതിർത്തതു് മദ്ധ്യവർത്തികളും. പിതാവു മരിക്കുന്ന അവസരത്തിൽ മുതലിന്റെയും ചിലവിന്റെയും ഒക്കെ കണക്കു നോക്കിട്ടുവേണം മുതൽ പങ്കുവെക്കാൻ എന്നുവെച്ചാൽ അതു് സാദ്ധ്യമല്ല. ഇന്നു് നമ്പൂതിരിസമുദായത്തിലാണെങ്കിൽ ഈ വക ബുദ്ധിമുട്ടൊന്നുമില്ല. ഒരു സ്ത്രീയെ മറ്റൊരു കുടുംബത്തിൽനിന്നു വിവാഹം കഴിച്ചു കൊണ്ടുവന്നാൽ ആ സ്ത്രീ പിന്നെ പുരുഷന്റെ കുടുംബത്തിലെ ആളായി. ആ സ്ത്രീക്കു് അവർ ജനിച്ച കുടുംബത്തിൽ പിന്നെ അവകാശം യാതൊന്നുമില്ല. അച്ഛന്റേയും അമ്മയുടേയും സ്വകാര്യസ്വത്താണെങ്കിൽ വിവാഹം കഴിച്ചു മറ്റ കുടുംബത്തിലെ മെമ്പറാകുന്നതുവരെ ഒപ്പവുമാണു്. മറ്റൊരു കുടുംബത്തിലായാൽ പിന്നെ എങ്ങിനെയാണു് മുതലിനവകാശം ഉണ്ടാകുക? കല്യാണം കഴിച്ചു കൊണ്ടുവന്നാൽ വീട്ടു്, ശ്രോത്രം ഇതൊക്കെ മാറും. എന്റെ ഒരു മകളെ വേറെ ഒരു ദിക്കിലേക്കു കൊടുത്തതു് മരിച്ചു എങ്കിൽ എനിക്കു മുന്നു ദിവസത്തെ പുലയേ ഉള്ളൂ. മറ്റൊരു ദിക്കിൽനിന്നു് എന്റെ മകൻ കൊണ്ടുവന്ന മരുമകളാണു് മരിച്ചതെങ്കിൽ ഫ ഠ ദിവസത്തെ പുലയാണു് എനിക്കുള്ളതു്. അതൊക്കെ എങ്ങിനെയെങ്കിലുമാകട്ടെ. Dowry കൊടുക്കുക, പണ്ടങ്ങൾ കൊടുക്കുക ഇങ്ങിനെ പലതും കൊടുക്കുന്നുണ്ടു്. അതിനുപുറമെയാണു് അച്ഛന്റേയും അമ്മയുടേയും സ്വത്തു്. മകനെ പേടിച്ചു് മകൾക്കു കൊടുക്കുന്നില്ല എന്നു പറയുന്നതിൽ വലിയ കാര്യമൊന്നുമില്ല. ഒരു will എഴുതിവെച്ചാൽ മതിയല്ലോ. പക്ഷെ Property എന്ന ഒരു വാക്കു് ഇതിൽ വന്നതാണു് അബദ്ധം. അതില്ലെങ്കിൽ, ഈ ബില്ലു് പാസ്സാക്കിയാൽ യാതൊരാക്ഷേപവുമില്ല. നമ്മളെല്ലാവരും വകവെച്ചുകൊടുക്കുകയും ചെയ്യും.

മിസ്റ്റർ കെ. ഐ. വേലായുധൻ: ആ വാക്കോടുകൂടിയാണോ support ചെയ്യുന്നതു്?

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: support ചെയ്യുന്നതെങ്ങിനെയെങ്കിലുമാകട്ടെ. അതിനെക്കുറിച്ചാണു് പറയുന്നതു്. ഈ വാക്കുള്ളതുകൊണ്ടു് ഈ ബില്ലു് സ്വീകരിക്കാൻ തരമില്ല. അല്ലെങ്കിൽ ഇതിൽ കൂടുതൽ ചേർക്കേണ്ടതുണ്ടു്. ഇതു് അങ്ങിനെതന്നെ പാസ്സാക്കിയാൽ കുഴപ്പമേ ഉണ്ടാകുകയുള്ളൂ. അതുകൊണ്ടു് ഞാൻ ഈ ബില്ലിന്റെ principle accept ചെയ്യുന്നു. ഇതു് സിലക്ട് കമ്മിറ്റിക്കയച്ചു് പൊതുജനാഭിപ്രായം ശരിക്കു് അറിഞ്ഞു വേണം പാസ്സാക്കാൻ എന്നാണു് എനിക്കു പറയാനുള്ളതു്.

***Mr. Paramel Ipe Ipe** *(Kunnamkulam):* Mr. Deputy President. Sir, I oppose the Bill. But I confine my remarks considering the Bill on the personal law, now under existence among the Christians. There is no fundamental disability attached to the ladies of the Christian community either to own property or to inherent property. The name of the Bill itself is the Women's fundamental rights to property Bill. There is no disability at all among the Christians and particularly to the ladies to have full and complete properiety rights on the property. The name itself suggests that the Bill is intended to those communities among whom the law of inheritance is in such a way codified or in existence that there connot have complete propriety

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Paramel Ipe Ipe]

right on the property. Such a system of inheritance, we find mainly it the Hindu Law. To that community this may be necessary. Among Christians there is no disability, There is no fundamental right to be recognised so far as the Christian ladies are concerned.

Then let us go to the objeects and reasons:

The daughter is given a very meagre or paltry amount during her marriage, in cash or in jewels. Even in this statement of fact I don't agree with the mover. The majority among the Christian community are people with very limited means or rather middleclass people. As far as the middleclass people are concerned the dowry that is given to them will be always higher than the share if the whole paternal property is divided equally among their children, it may be so. This paltry amount or meagre amount is divided among the members of the family. Then if a woman in Cochin State is always a dependent in certain succession Acts which in the majority of cases exist only in Statutory Books, now the succession as laid down among the Christians will give not only when there is no testament, if there is a testament the property goes according to the directions of the testator, if on the other hand for ladies a proportion or rather a share which has been laid down based upon custom, which were being followed for at time from very early date and one of the points of attack regarding the law that is now in existence has been that it is the man-made-law. But I ask whether they confine by the use of the word "man" to the masculine gender alone? I ask whether "man" means only a system of law that has been enacted by man to the detriment of women in the world. No. It cannot be. The law is only a crystalisation of common sense in a way or in other words it can be considered to be codifying the long usage and custom that we found in a particular country. We cannot say that a man on a fine morning took into his head "let us have a law of inheritance totally detrimental to the interests of the females", it cannot be. It must have been based upon long usage, and custom. So we cannot surely say, because it is a man-made-law, the women must undo the law made by man.

Mr. K. S. Panicker *(Ezhuvas-Trichur):* Who said it is man-made-law!

Mr. Paramel Ipe Ipe *(Kunnamkulam):* There is an argument saying that it is a man-made-law. We should not view the legislation like that. Now considering the hardship that may work among the Christian communities we might find several practical difficulties. Now as I stated before, the many marriages among the middleclass people have been rather contracted or it has been matrimonial relationship established even in early days. In many cases it may be to tide over a financial embarrassment in which the family might have been placed. Supposing according to this and the argument advanced by some of the speakers that the dowry system also will be wiped out by enacting such a legislation, I ask a man who gets himself married from a rich family, will he remain satisfied till the death of the father or mother to get his share from his wife's house. Especially when we find these days that often we enter into or our parents make their children get married early in order to avoid some creditors touching their property and the family becoming a bankrupt; in that case also we find that many of the sons-in-law will not be very complacently waiting for thedeath of either the father or the mother of his wife. He would always be eager to get his money earlier. Then again there is another aspect to be considered. The loose cash that is given as dowry will be very often a help to the family to thich the girl is married. Then again another aspect has been advanced here by the Hon'ble Member for Nellai that especially when a family is engaged in business as their main occupation we find the whole money is locked up in business affairs. If a partition is made it will create many difficulties, in carrying on the business. Apart from that the main purpose of the Bill is to safeguard the interests of the females. Now I ask whether there is the right to will away the property? Is their interests sufficiently safeguarded? It is not at all safeguarded. It again depends upon man. So this piece of legislation does not bring in that intended effect or that intended state of affairs as desired by the Mover. Then the other aspect which is also to be considered in this Bill is "Is a woman in this enlightened State of Cochin always a dependant in spite of certain succession Acts etc." which in the majority of cases exists only in statutory books. Then again we find in statutory book that a certain share has been set apart. That share she will be always entitled to get. So in my humble submission regarding the purpose for which this Bill is submited so far as the Christian community is concerned it is not sufficiently safeguarded. Now I ask it there is any necessity for gathering public opinion, because the public opinion is here by practice. If we only scrutinise the circumstance and situations, we can know what is the public opinion. If the public opinion is that the daughters must get equal share with the sons why not we find wills in abundance setting apart a share equally to their sons. Is it not the clearest indication that the public

LIBRARY ARCHIVES Kerala Legislative Assembly

opinion has not come up so far that the daughters must be entitled to get a share equal to the sons. The public opinion has been sufficiently expressed in finding there are not so many wills among the Christian community setting apart equal shares both to girls and boys.

മിസ്റ്റർ എം. കെ. രാജ: അതാണ് Public opinion എങ്കിൽ ഈ ബില്ല് സർക്കുലേറ്റ ചെയ്യുന്നതുകൊണ്ടെന്താണ് വിരോധം?

Mr. Paramal Ipe Ipe *(Kunnamkulam)*: It is unnecessary waste. We are only gathering the public opinion. If the public opinion or the trend of the public opinion is that the females should get a share equal to that of the males we could find at least five percent of the wills recently executed in Cochin State to show a tendency to equal share. On the other hand we find there is always difference in share. That is the clearest indication of the public opinion.

മിസ്റ്റർ എം. കെ. രാജ: സ്ത്രീയും പുരുഷനും പിൻതുടർച്ചാവകാശത്തിൽ വ്യത്യാസം കാണണമെങ്കിൽ അതു് മാറ്റാൻ വേണ്ടിട്ടാണ് ഈ ബിൽ.

Mr. Paramel Ipe Ipe *(Kunnamkulam)*: The public opinion is in the other way: Otherwise we will find at least some higher percentage in the number of wills executed in Cochin State shows a tendency to give equal share. So the public opinion so far the Christian community is concerned has clearly indiciated by the wills that has been executed in Cochin State in recent years or formerly that they are not for giving equal share. But if we give a political colour to the Bill and then attempt to gather the public opinion under the colour or the coloured version or the colour that a political party for political purposes may give, we may get a different opinion. That will not be the correct public opinion. The public opinion when a particular point has been brought to our notice we give our unbiased opinion from the Acts and wills that they have done there. So in that way also we want to gain the public opinion that can be obtained by simply examining the wills that has come into force so far as the Christian community is concerned within the last ten years. We find that there is no necessity for this. If anybody wants to give equal share he is at perfect liberty to do so. So this Bill is not at all necessary so far as the Christian community is concerned. But regarding the other communities where the personal Law may be different, where there is utter disability for inheriting property, I find it may be necessary for a declaration of their fundamental rights regarding their own property. So I oppose this Bill.

മിസ്റ്റർ കെ. കെ. കണ്ണൻ: ഈ ബില്ലിനെക്കുറിച്ചു് ഞാനാണ് അവസാനമായി സംസാരിക്കുന്ന ആൾ എന്നു തോന്നുന്നു. ഒരു സംഗതി മാത്രമാണ് ഞാൻ ഇവ.ടെ ഉന്നിപ്പറയാൻ ആഗ്രഹിക്കുന്നതു്. ഇപ്പോൾ ഒരു സമുദായത്തിന്റെ കാര്യവും തീരുമാനിക്കുന്നില്ല; ഈ ബില്ലിന്റെ തത്വം മാത്രമേ ഇപ്പോൾ സ്വീകരിക്കേണ്ടതായിട്ടുള്ളു. ഓരോ സമുദായത്തേയും പ്രതിനിധീകരിക്കുന്ന ബഹുമാനപ്പെട്ട മെമ്പർമാർ അവരവരുടെ സമുദായങ്ങളുടെ ദായക്രമങ്ങളേയും മറ്റും സംബന്ധിച്ചു് സംസാരിക്കുകയുണ്ടായി. ആ അഭിപ്രായങ്ങൾ ബില്ലിൽ വേണ്ടതു മാറ്റങ്ങൾ പിന്നീടു് വരുത്താൻ സഹായിക്കുന്നവയാണ്. ആ നിലവെച്ചു് ഈ ബില്ലിനെ ഇപ്പോൾ എതിർക്കുക എന്നുള്ളതു് ശരിയാണെന്നു് എനിക്കു് ബോദ്ധ്യമില്ല. സാമാന്യമായ ഒരു തത്വം ഈ സന്ദർഭത്തിൽ നാം സ്വീകരിക്കുകയാണെങ്കിൽ അതു വളരെ നന്നായിരിക്കുമെന്നാണ് എനിക്കു പറയാനുള്ളതു്. ഓരോ സമുദായങ്ങൾക്കും ആവശ്യമായിട്ടുള്ള പരിരക്ഷകൾ ഉൾക്കൊള്ളിക്കണമെന്നതിനെ അടിസ്ഥാനപ്പെടുത്തി തന്നെയാണ്, ഈ ബിൽ സർക്കുലേറ്റ ചെയ്യണമെന്നു പറയുന്നതു്. അതുകൊണ്ടു് ഇതിനെ എതിർക്കാതെ പാസ്സാക്കി കൊടുക്കുകയാണ് വേണ്ടതു്. ഇതിപ്പോൾ പാസ്സാക്കി എന്നു വിചാരിച്ചു് ഇപ്പോൾതന്നെ നടപ്പിൽവരുന്ന ഒരു സംഗതിയല്ല. ഇതു് വളരെ complicated ആയിട്ടുള്ള വിഷയമാണ്. എല്ലാ സമുദായക്കാർക്കും ആവശ്യമായ പരിരക്ഷകൾ ഇതിൽ ഉൾക്കൊള്ളിക്കണമോ വേണ്ടയോ എന്നതിനെക്കുറിച്ചു് പൊതുജനാഭിപ്രായം അറിയുന്നതിനുവേണ്ടി ബിൽ സിലക്ട് കമ്മിറ്റിക്കയക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഇതിനെ ശക്തിയായി അനുകൂലിക്കുന്നു.

*മിസ്റ്റർ ജോസ് കെ. വട്ടിസ്: സർ, ഈ ബില്ലിനെ എതിർക്കാതെ തരമില്ല. എന്റെ സമുദായത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ, നാലഞ്ചു് ആൺമക്കളും അഞ്ചാറു പെൺമക്കളുമുള്ള ഒരു കുടുംബത്തിലെ പിതാവിനു് ഈ ബിൽ പാസ്സായാൽ വളരെ വിഷമം വരും. ക്രസ്ത്യാനികളിൽ അധികംപേരും ഒരു ചെറിയ പറമ്പും ഒരു കച്ചവടവുംകൊ

*Speech not corrected by the Hon'ble Member

LIBRARY ARCHIVES Kerala Legislative Assembly

[Mr. Jos K. Verghese]

ണ്ടു കഴിഞ്ഞുകൂടുന്നവരാണു". ഈ ബില്ലുപ്രകാരം പാർട്ടീഷൻ നടപ്പായാൽ പിന്നെ അവരുടെ ആ കച്ചവടവും പോകും; ഉള്ള സ്വത്തുക്കളും പോകും. പെണ്ണിനെ കെട്ടിക്കുമ്പോൾ എവിടെനിന്നെങ്കിലും കടംമേടിച്ചോ മറേറാ സ്ത്രീധനവും ആഭരണങ്ങളും മറവും കൊടുക്കും. ഇങ്ങിനെ കണിശമായ സംഖ്യകൊടുത്തു വിവാഹം ചെയ്തുകൊടുത്തുകഴിഞ്ഞാൽ പിന്നെ ആദ്യപ്രസവം, രണ്ടാമത്തെ പ്രസവം ഇതിനൊക്കെയും അമ്മയുടെ അടുക്കൽതന്നെ വരും. അതുംകഴിഞ്ഞു പോകുമ്പോൾ കുറെ പലഹാരങ്ങളും മറവും പലവക കൊടുക്കണം. ഈ നിയമംവന്നാൽ ഇതേവരെ നടന്നുവന്ന സമ്പ്രദായമൊക്കെ മാറും. പല കഷ്ടതകളും അനുഭവിക്കേണ്ടിവരും. ആകപ്പാടെ ഈ ബിൽ ക്രൈസ്ത്രാനികളെ സംബന്ധിച്ചിടത്തോളം വളരെ വിഷമങ്ങളുണ്ടാക്കുന്ന ഒന്നാണു". അതുകൊണ്ടു ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

* മിസ്റ്റർ എം. ശിവരാമമേനോൻ: ഗവമ്മെണ്ടിന്റെ നിലപറയാം. ഈ ബിൽ വോട്ടിനിടുകയാണെങ്കിൽ, ഗവമ്മെണ്ടു് അതിൽ പങ്കെടുക്കാൻ വിചാരിക്കുന്നില്ല. എന്തെന്നാൽ ഇതു് എല്ലാസമുദായങ്ങളേയും പൊതുവെ ബാധിക്കുന്നതെന്നാണു് അല്ലാതെ പൊതുജനാരോഗ്യത്തെ സംബന്ധിച്ചുള്ളതൊ, രാജ്യത്തിന്റെ നിലയെ പൊതുവെ ബാധിക്കുന്നതൊ, ആയ ഒരു ബില്ലല്ല. ഈ ബില്ല പാസ്സാക്കുവാൻവേണ്ടി വോട്ടുകൊണ്ടു സഹായിക്കേണ്ട തരത്തിലുള്ള ഒന്നല്ലാത്തതിനാൽ വോട്ടിനിടുന്നപക്ഷം ഗവമ്മെണ്ടു് അതിൽ പങ്കെടുക്കാനൊരുക്കമില്ല. ഇതു് എതെല്ലാം സമുദായങ്ങളെ ബാധിക്കുമോ ആ സമുദായങ്ങളുടെയെല്ലാം അഭിപ്രായങ്ങളറിഞ്ഞു അതനുസരിച്ചു എന്തെങ്കിലും പ്രവൃത്തിക്കാനേ ഗവമ്മെണ്ടിന്റെ നിലക്കു സാദ്ധ്യമാകുകയുള്ളു. എന്നാൽ ഇതു വിഷമമേറിയതായ ഒരു നിയമമാണെന്നുള്ളതു ഗവമ്മെണ്ടിനു് അറിയാൻ കഴിഞ്ഞിട്ടുണ്ടു്. ഈ നിയമസഭയിൽ ചാലക്കുടി മെമ്പറായിരുന്ന മിസ്റ്റർ എ. വി. മുത്തേടൻ ക്രൈസ്തവൻ സമുദായത്തെ സംബന്ധിച്ചിടത്തോളം ഇത്തരം ഒരു ബിൽ ഇവിടെ കൊണ്ടുവരികയുണ്ടായി. ആ ബിൽ ഒരു സെലക്ടു്കമ്മിറ്റിക്കു് അയക്കുകയും ചെയ്തു. അപ്പോൾ അതിന്റെ ചെയർമാൻ എന്ന നിലയിൽ ആ സമുദായത്തെ സംബന്ധിച്ചിടത്തോളമുള്ള പല അഭിപ്രായങ്ങളും അറിയാൻ എനിക്കു കഴിഞ്ഞിട്ടുണ്ടു്. ക്രൈസ്തവൻ സമുദായത്തിലെ പ്രാബല്യവും വിദ്യാഭ്യാസവുമുള്ള പലരും അതിൽ വളരെ എതിർപ്പുള്ളവരായിരുന്നു. ബലമായ ഒരു വാദം, ഒരച്ഛനെ നിയമംകൊണ്ടു തോൽപ്പിക്കാൻ കഴിയുമൊ എന്നായിരുന്നു. ജന്മസിദ്ധമായുണ്ടാകേണ്ട സ്നേഹം നിയമംകൊണ്ടുസമ്പാദിക്കാൻ എങ്ങിനെ കഴിയുമെന്നാണു് അവർ ചോദിക്കുന്നതു്. സ്വത്തു സമ്പാദിക്കാൻ കഴിയുമെങ്കിൽ അതു ഇഷ്ടംപോലെ വിതരണം ചെയ്യാനും അച്ഛനു സാദ്ധ്യമല്ലെ? പെട്ടെന്നു അപകടമരണംമൂലം അച്ഛൻ മരിക്കാൻ പ്രാർത്ഥിക്കുവാനാണൊ നിങ്ങൾ ഈ നിയമം കൊണ്ടുവരുന്നതെന്നുകൂടി ഒരു വയസ്സൻ ഞങ്ങളോടു് ചോദിക്കുകയുണ്ടായി. ഈ ബില്ലിന്റെ തത്വം നമ്മൾക്കു സ്വീകരിക്കാം. പക്ഷെ മക്കളോടൊക്കെ ഒരുപോലെ പെരുമാറണമെന്ന ഒരു ബോധം ഓരോസമുദായത്തിനും ഉണ്ടാകുന്നതുവരെ ഈ നിയമം കൊണ്ടു കാര്യമില്ല. പണമുണ്ടാക്കുന്ന അച്ഛൻ വസ്തുക്കൾ വാങ്ങിച്ചുകൊള്ളണമെന്നില്ല. ക്രൈസ്തവനികളെ സംബന്ധിച്ചുനോക്കിയാൽ ഒരുത്തനു് അയാളുടെ അച്ഛന്റെ സ്വത്തു് എങ്ങിനെ കിട്ടിയാലും അയാളുടെ മക്കൾക്കു ജന്മസിദ്ധമായ യാതൊരവകാശവും ആ സ്വത്തിന്മേലില്ല. തറവാടു് എന്ന ഒരു നില ക്രൈസ്തവനികൾക്കുണ്ടാകില്ല. ആ സ്വത്തു് ഒരച്ഛനു് ഇഷ്ടംപോലെ ആക്കെങ്കിലും എഴുതികൊടുക്കാൻ സാധിക്കും. ഇങ്ങിനെ ആ സമുദായത്തിൽ നിന്നുണ്ടായ എതിർപ്പുകൊണ്ടു്, എതൊരു കാര്യത്തിനും ഇറങ്ങിപ്പുറപ്പെട്ടാൽ അതു നടത്താൻ പ്രാപ്തിയുണ്ടായിരുന്ന മിസ്റ്റർ മുത്തേടനുപോലും ഒടുവിൽ മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. പിന്നിടു് പരേതനായ മിസ്റ്റർ സി. ജെ. ചിറയത്തും ഈ ബിൽ മുന്നോട്ടുകൊണ്ടുപോകാൻ ഉത്സാഹിച്ചു. അദ്ദേഹത്തിനും മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞില്ല.

മിസ്റ്റർ കെ. എസ്. പണിക്കർ: അതിനുകാരണം കൌൺസിലിന്റെ കാലാവധി കഴിഞ്ഞുപോയതുകൊണ്ടല്ലെ?

മിസ്റ്റർ എം. ശിവരാമമേനോൻ: ഇന്ന കാരണംകൊണ്ടാണെന്നു ഞാൻ പറഞ്ഞില്ല. എല്ലാപേക്കും സമാവകാശം വേണമെന്നു് ഒരു രാഷ്ട്രീയബോധം ഈ കാലത്തു് എവരിലും ഉണ്ടു്. അതു് ദൃഢപ്പെടുത്തുവാൻ വേണ്ടിയുള്ള വളരെ ആകർഷകമായ ഒരു തത്വമാണിതു് എന്നു സമ്മതിക്കാം. ഇതിനെ സംബന്ധിച്ചു് ഓരോസമുദായത്തിലും അനുകൂലാഭിപ്രായമുണ്ടാക്കി അങ്ങിനെ പടിപടിയായി മുന്നോട്ടുപോകേണ്ട ഒരു പരിഷ്കാരമാണിതു്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ബില്ലിനെ സംബന്ധിച്ചു തെളിവെടുക്കാൻ പോകുമ്പോഴാണ് അതിലുള്ള യഥാർത്ഥവിഷമം നമുക്കു മനസ്സിലാകുന്നതു്. ക്രസ്ത്യാനികൾക്കും ഇപ്പോൾ ഫ/നു ഭാഗമുണ്ടല്ലൊ. അതു് പകുതി തുക്കിയാലെന്താണ് എന്നൊരു അഭിപ്രായം അന്നും ചിലക്കുള്ളതായികണ്ടു. അങ്ങിനെ ക്രമേണ ക്രമേണയായിട്ടല്ലാതെ പൊടുന്നനവെ സമ്പാവകാശം സ്ഥീകരിക്കാൻ ഒരാൾക്കും ഒരു സമുദായത്തിനും സാദ്ധ്യമാണെന്നു തോന്നുന്നില്ല. ന്യൂനസമുദായങ്ങളിൽ പലതും ഇങ്ങിനെ സമ്പാവകാശം, ഇല്ലാത്തവയുണ്ടു്. പഠിപ്പുകൊണ്ടും മറ്റും വളരെ പിന്നോക്കം നില്ക്കുന്ന സമുദായങ്ങളിലെ ആളുകൾക്കു് ഈ സമ്പാവകാശവാദം മനസ്സിലാക്കാൻ പ്രയാസമാണു്. മിസ്റ്റർ ഇയ്യുണ്ണി പറഞ്ഞതുപോലെ ഏതെങ്കിലുമൊരു പ്രത്യേകസമുദായത്തെമാത്രം സംബന്ധിച്ച ഒരു ബില്ലായിരുന്നുവെങ്കിൽ അതിന്റെ കാര്യത്തിൽമാത്രം ശ്രദ്ധപതിപ്പിക്കുവാൻ കഴിയുമായിരുന്നു. ഈ ബിൽ സെലക്ടു് കമ്മിറ്റിക്കയയ്ക്കണമെന്നും Public opinion-നു് അയയ്ക്കണമെന്നും പല അഭിപ്രായവും ഇവിടെ വന്നിട്ടുണ്ടു്. ഇതു എല്ലാസമുദായങ്ങളേയും ബാധിക്കുന്ന ഒന്നാകയാൽ ഇതിനെക്കുറിച്ചു ശരിയായ ഒരു അഭിപ്രായം രൂപീകരിക്കുന്നതിനു വളരെ സമയം ആവശ്യമാണു്. അതിനു സന്ദർഭമില്ലാതെ പെട്ടെന്നു സെലക്ടു്കമ്മിറ്റിക്കയച്ചാൽ ഇക്കാര്യത്തിൽ സമുദായങ്ങളുടെയെല്ലാം പൊതുവായിട്ടുള്ള ശരിയായ അഭിപ്രായം അറിയാൻ വിഷമമാണു്. എല്ലാവരും കമ്മിറ്റി മുമ്പാകെ ഹാജരായി തെളിവുതന്നുവെന്നു വരികയില്ല. ഇതു് മുമ്പിലത്തെ അനുഭവംകൊണ്ടു മനസ്സിലായിട്ടുള്ളതുമാണു്. Public opinion-നു് അയയ്ക്കുകയാണെങ്കിൽ എല്ലാവരും അവരവരുടെ അഭിപ്രായം എഴുതി അയയ്ക്കും. ഒരു ബില്ലു് സെലക്ടു്കമ്മിറ്റിക്കു് അയയ്ക്കുന്നതും സർക്കുലേഷനു അയയ്ക്കുന്നതും തമ്മിൽ നോക്കിയാൽ കുറച്ചു സമയത്തിന്റെ വ്യത്യാസമേ വരികയുള്ളു. ആ സമയം നമ്മൾ അനുവദിച്ചുകൊടുക്കണം. എല്ലാ സമുദായങ്ങളുടേയും അഭിപ്രായം അറിയേണ്ടതാവശ്യമാണു്. അല്ലെങ്കിൽ ഈ നിയമം അവരുടെതലയിൽ വെച്ചുകെട്ടുവാൻവേണ്ടി കൊണ്ടുവന്നുവെന്നു അനുമാനിക്കും. അതുപോലെ ഇതിനെക്കുറിച്ചു രാഷ്ട്രീയ പ്രവർത്തകരുടെ ഇടയിലും ബോദ്ധ്യംവന്നു് അവരും ഇതിന്നനുകൂലമായ പ്രചരണം നടത്തേണ്ടതുണ്ടു്. അങ്ങിനെയൊക്കെ ജനങ്ങളുടെ ഇടയിൽ പരക്കെ ഇങ്ങിനെ ഒരു നിയമം ആവശ്യമാണെന്നു ബോദ്ധ്യം വന്നതിനുശേഷമേ ഇതു് നിയമമാക്കാൻ സാദ്ധ്യമാകയുള്ളു. അതുകൊണ്ടു പ്രായോഗികമായ വശങ്ങളെക്കുറിച്ചു ചിന്തിച്ചു് ഈ ബിൽ പൊതുജനാഭിപ്രായത്തിന്നായി ആദ്യം സർക്കുലേഷനു് അയച്ചശേഷം പിന്നീടു്. സെലക്ടു്കമ്മിറ്റിക്കയയ്ക്കുകയായിരിക്കും നല്ലതു്. ബില്ലിനു് അനുകൂലമായി ശക്തിയായ പൊതുജനാഭിപ്രായമുണ്ടെങ്കിൽ പ്രസിഡണ്ടിനു് അധികാരമുണ്ടു്, Standing order suspend ചെയ്തു തീർച്ചയായും ഇതു് ഒരു സെലക്ടു്കമ്മിക്കയയ്ക്കുവാനായി അപ്പോൾതന്നെ ആലോചനയെടുപ്പാൻ. പലർക്കും ഇതിൽ എതിർപ്പുള്ളതുകൊണ്ടു ഇപ്പോൾ വോട്ടിനിട്ടാൽ പാസാകാൻ വഴിയില്ലെന്നാണു് തോന്നുന്നതു്. ഗവർമ്മെണ്ടിനു് ഓരോസമുദായത്തിന്റേയും ശരിയായ അഭിപ്രായമറിയാതെ ബില്ലിനെ സംബന്ധിച്ചു ഒരു നടപടിയുമെടുക്കുവാൻ തരമില്ല. മുസ്ലിം സമുദായങ്ങളുടെ സ്വത്തവകാശത്തെ സംബന്ധിച്ചു നിയമംപോലെ ഇതു നല്ലൊരു നിയമം വേറെയില്ലെന്നു് അവർ പറയുന്നു. അതവർ ശരിയായി പാലിക്കുന്നുമുണ്ടു്. അതുകൊണ്ടു അവർ ആ നിയമം ഉപേക്ഷിക്കുമോ എന്നു ചോദിക്കാൻതന്നെ സംശയിക്കണം. അങ്ങിനെ മുസ്ലിം സമുദായത്തിനു വിരോധമായ ഒരു നിയമം സെലക്ടു്കമ്മിറ്റിക്കയയ്ക്കുകയാണെങ്കിൽ ആ സമുദായത്തിന്റെ പൂർണ്ണമായ അഭിപ്രായം അറിയാൻ കഴിയുകയില്ല. സെലക്ടു്കമ്മിറ്റിയിൽ ചിലർ കൊടുക്കുന്ന അഭിപ്രായം സമുദായത്തിന്റെ മുഴുവനും അഭിപ്രായമായി കണക്കാക്കാൻ നിവൃത്തിയില്ല. ആ തന്മാത്രമായ അഭിപ്രായം നമ്മൾക്കറിയേണ്ടതുണ്ടു്. അതു് അറിഞ്ഞതിനുശേഷം വേണ്ട നടപടിസ്വീകരിക്കാം. ഇത്രമാത്രമെ എനിക്കു പറയുവാനുള്ളു.

Mr. Deputy President: At what stage it is put for voting?

Mr. M. Sivarama Menon: After the reply of the mover.

മിസ്സിസ് ടി. ഫ്രാൻസീസ്: സർ, ഈ ബിൽ ഞാൻ കൊണ്ടുവന്നിട്ടുള്ളതു് ഏതെങ്കിലുമൊരു പ്രത്യേകസമുദായത്തെ കണക്കാക്കി മാത്രമല്ല. ഞാൻ ക്രസ്ത്യാനി സമുദായത്തിൽപെട്ട ആളാണു്. അതിലെ പിന്തുടർച്ചാവകാശവും എങ്ങിനെയാണെന്നെനിക്കറിയാം. ക്രസ്ത്യൻ സമുദായത്തിൽ മാത്രമല്ല കൊച്ചിരാജ്യത്തിലെ മറ്റേതു സമുദായത്തിൽപ്പെട്ട മാതാപിതാക്കന്മാരായാലും അവരുടെ സ്വത്തിന്മേൽ മക്കൾക്കു സമ്പാവകാശം ഉണ്ടായിരിക്കണമെന്നാണു് ഈ ബില്ലിന്റെ തത്വം. സ്വത്തിന്റെ വീതം ആൺമക്കളെ പോലെ

LIBRARY ARCHIVES Kerala Legislative Assembly

[Mrs. T. Francis]

തന്നെ പെൺമക്കൾക്കും ജന്മാവകാശമാണ്. ആ അവകാശം പെൺമക്കൾക്ക കിട്ടണമെന്നാണ് ഞാൻ പറയുന്നത്. ക്രസ്ത്യാനി സ്ത്രീകൾക്ക് ഏറക്കുറ കിട്ടുന്നുണ്ടാകാം; മുസ്ലിം സ്ത്രീകൾക്കും ഏറക്കുറെ കിട്ടുന്നുണ്ടാകാം. എന്നാൽ യാതൊരുനിയമവും ഇല്ലാതെ കഴിഞ്ഞുന്ന അനവധി സമുദായങ്ങൾ ഈ രാജ്യത്തിലുണ്ട്. അവരെ സംബന്ധിച്ചിടത്തോളം ഈ ബിൽ ഏറ്റവും അത്യാവശ്യമാണ്. ഇവിടെ പ്രസംഗിച്ച എല്ലാവരും ഈ ബില്ലിന്റെ തത്വം സ്വീകരിച്ചുവെന്നു പറഞ്ഞു. അങ്ങിനെ ഇത് ഒരു സമത്വസുന്ദരമായ ബില്ലാണെന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്. എങ്കിലും ഒരു വിഷമമുണ്ടെന്നു പറഞ്ഞു. മുസ്ലിം സമുദായത്തിനു അവരുടെ മതത്തിന്റെ പേരിൽ വിഷമമുണ്ടെന്നു പറഞ്ഞു. പിന്നെ ക്രസ്ത്യൻ സമുദായങ്ങളിൽപ്പെട്ടവരാണ് അധികവും എതിർത്തത്. അവരൊക്കെ ധനവാന്മാരാണ്., മിസ്റ്റർ ശിവരാമമേനോൻ പറഞ്ഞതുപോലെ ക്രസ്ത്യാനികൾക്ക ശരിയായ ഒരു തറവാടില്ല. ക്രസ്ത്യാനികൾക്ക പണ്ടുണ്ടായിരുന്ന ചട്ടം പെൺകുട്ടികളെ കല്ല്യാണം ചെയ്തുകൊടുക്കുമ്പോൾ മെയ്യ് ആഭരണങ്ങൾ ഒക്കുകയാണ്; അതിന്നു ഒരു എണ്ണവും ഉണ്ട്. അഞ്ചുക്കുട്ടം കോപ്പുകൾ എന്നാണ് ഇവയ്ക്ക പറഞ്ഞുവന്നിരുന്നതു്. അവ തളം, കാതിലം, കൊന്ത, ഒറഞ്ഞ, ഉക്കുകഴുത്ത് ഇവ നല്ല സമ്പന്നംകൊണ്ടുണ്ടാക്കിയവയായിരിക്കയില്ല. മിക്കവാറും വെള്ളപോന്നായിരിക്കും. ഈ ചരിത്രം പഴയകഥയാണ്. ഇവയ്ക്കാണ് സ്ത്രീധനമെന്നു് അന്ന പറഞ്ഞുപോന്നതു്. ഇവയല്ലാതെ പണം കൊടുക്കാറില്ലായിരുന്ന. പിന്നെ ഇവിടെ പറഞ്ഞുകേട്ടമാതിരി പ്രസവത്തിന്നവരും. പ്രസവം കഴിഞ്ഞുപോകുമ്പോൾ കുറെ പലഹാരവും ഒരു പുത്തൻപായും പുത്തൻ കലവും മറവും കൊടുത്തയക്കും. മകളുടെ കുട്ടികളെ ആരാന്റെ കുട്ടിയാണെന്ന വിചാരിച്ചു പുന്നാരിച്ചയയ്ക്കും; അങ്ങിനെയല്ലാതെ പണം കൊടുക്കുകയില്ല. ക്രസ്ത്യാനികൾക്ക ആദ്യം ഇന്ത്യൻ ക്രസ്ത്യൻ നിയമമായിരുന്ന ഉണ്ടായിരുന്നതു്. അതിന്നു ഒരു ഗുണമുണ്ടായിരുന്ന. അച്ഛനും അമ്മയും ആർക്കും ഒന്നും കൊടുക്കാതെ മരിച്ചാൽ അതിലൊരു പങ്കു പെൺമക്കൾക്കുണ്ടായിരുന്ന. ആ അവകാശപ്രകാരം ചില കേസുകളൊക്കെ നടന്നിട്ടുണ്ട്. അങ്ങിനെ മറവള്ളവരുടെ കൈവശംപോയ ചില വസ്തുക്കളൊക്കെ വിട്ടുകിട്ടാനും ഇടവന്നിട്ടുണ്ട്. അതിനുശേഷമാണ് കൊച്ചിയിലെ ക്രസ്ത്യാനികൾക്ക്, ഒരു പിൻതുടർച്ച നിയമമില്ലെന്നുവെച്ചു ഗവമ്മെണ്ട് ഒരു കമ്മിറ്റിയെ നിശ്ചയിച്ചു് ഇന്നുള്ള ക്രസ്ത്യൻ സെക്സഷൻ നിയമമുണ്ടാക്കിയതു്. അന്ന ആ കമ്മിറ്റിയിൽ എന്റെ അഭിപ്രായം ഞാൻ കൊടുത്തിട്ടുണ്ട്. ക്രസ്ത്യാനി സ്ത്രീകളെ മാത്രമല്ല, ഈ രാജ്യത്തിലെ എല്ലാ സമുദായങ്ങളിലേയും സ്ത്രീകളേയും ബാധിക്കുന്ന ഒരു നിയമം വേണമെന്നാണ് ഞാൻ ഈ ബിൽമൂലം ആവശ്യപ്പെടുന്നതു്. ഇതിൽ ക്രസ്ത്യാനികൾക്ക് അത്രയധികമൊന്നും വിഷമിക്കാനില്ല. പെൺകുട്ടികൾക്ക സമാവകാശംകൊടുത്താൽ ഒക്കെ നശിച്ചുപോകുമെന്നാണ് പറയുന്നതു്! പിന്നെ പറയുന്നതു്, ക്രസ്ത്യാനികൾ അധികവും കച്ചവടക്കാരാണ്; പുരുഷന്മാർ കച്ചവടം ചെയ്യുണ്ടാക്കുന്ന പണത്തിന സ്ത്രീകൾക്കവകാശമില്ല എന്നാണ്!! ഈ കച്ചവടം ചെയ്യുന്ന പണം ആരുടെയാണ് എന്ന ഞാൻ ചോദിക്കുന്നു. പണം വാസ്തവത്തിൽ സ്ത്രീകളുടെതാണ്. സ്ത്രീകളുടെ പണംകൊണ്ടാണ് പുരുഷന്മാർ കച്ചവടം നടത്തുന്നതു്. അപ്പോൾ അതിൽനിന്നു കിട്ടുന്ന ആദായത്തിൽ ഒരു പങ്കിന് സ്ത്രീകൾക്കവകാശമില്ലേ? അതുകൊണ്ടു് അവരുടെ കച്ചവടം ചെയ്യുണ്ടാക്കുന്ന പണമാണെന്ന വാദത്തിനു് അർത്ഥമില്ല. കച്ചവടത്തിലെ പണം അച്ഛന്റെ കാലശേഷം ആൺമക്കൾക്കെല്ലാപേർക്കും കൂടി പങ്കിടുന്ന. എന്നാൽ കച്ചവടത്തിനു് എല്ലാപേർക്കും പോകാൻ സാധിക്കുമോ? ആരെങ്കിലും ഒരാൾ—മൂത്തമകൻ—ആയിരിക്കും കച്ചവടം ചെയ്യുന്നതു്. മറ്റ ആൺമക്കൾ കോളേജിൽ പഠിക്കുകയോ മറ്റൊ ആയിരിക്കും. മൂത്ത ആളൊഴിച്ചു മറവള്ളവർ പ്രയത്നിച്ചിട്ടുമില്ല. പക്ഷെ ലാഭം പങ്കിടുമ്പോൾ അവർക്കുംകൂടി കൊടുക്കുന്നുണ്ട്.

ഇനി മറ്റൊരു വാദത്തിനുള്ള മറുപടി പറയാം. ഈ പ്രയത്നിക്കുന്ന മകന്റേയും ഭാര്യയുടേയും കുട്ടികളുടേയും സകല ചിലവുകളും നടന്നുവരുന്നില്ലെ? ഭക്ഷണം, വസ്ത്രം, സ്ഥലം, കല്ല്യാണം മുതലായവ അവിടന്നല്ല നടന്നുവരുന്നതു്. പെൺകുട്ടികൾ എന്തു നോക്കുന്നു? കെട്ടിച്ചയച്ചുവളാണെന്നും, മാറാൻ കുടുംബക്കാരിയാണെന്നും പറഞ്ഞു യാതൊരു ചിലവും നടത്തുന്നില്ല. അഥവാ ഭർത്താവുമരിച്ചു് ഭർത്താവിന്റെ വീട്ടിൽ ഗതിയില്ലാതെവന്നാൽ, അച്ഛന്റെ വീട്ടിലേയ്ക്ക വന്നുവെന്നും വയ്ക്കുക; അങ്ങിനെ വരുമ്പോൾ അവരും മാറാൻ കുടുംബത്തിൽനിന്നു മക്കളേയും കൊണ്ടു തിരിച്ചുവന്നിരിക്കുന്നുവെന്നും

LIBRARY ARCHIVES Kerala Legislative Assembly

കരുതുകയും, സഹോദരന്മാരും അവരുടെ ഭാര്യമാരും അവരെ പുച്ഛമായി വീക്ഷിക്കുകയും വളരെ അരിഷ്ടതകൾ അനുഭവിപ്പിക്കുകയും ചെയ്യുന്നു. മറ്റൊരുവാദം കല്യാണം കഴിക്കാൻ ഇടവരാത്ത സ്ത്രീകളുടെഗതി എന്താണു"? വീട്ടടുക്കളയുടെ അടിമഗതിമാത്രമോ? മറ്റു കുടുംബത്തിലേയ്ക്കു മുതൽ കൊണ്ടുപോകുന്നുവെന്നുള്ള വാദത്തിനു് അർത്ഥമില്ല. അപ്രകാരം ഇങ്ങോട്ടും കിട്ടും. അച്ഛൻ ദരിദ്രനും വയസ്സനുമായി പോയാൽ പെൺമക്കളുടെ ക്ലേശയല്ലാ ആൺമക്കളുടെ ക്ലേശയാണെന്നു ബഹുമാനപ്പെട്ട നെല്ലായി മെമ്പർ പറയുകയുണ്ടായി. വാർദ്ധക്യവും, ദാരിദ്ര്യവും ഒരുമിച്ചു നേരിട്ടാൽ സന്ധിപ്പുള്ള ഇടം തേടും. സാധാരണയായി പെൺമക്കളാണു് അധികം സന്ധിപ്പു് ഈ അവസരങ്ങളിൽ കാണിക്കുന്നതു്. ഏറിയ കൂറും ഇത്തരക്കാർ ധർമ്മശാലകൾ തേടും; അവിടെ അവരുടെ കാലംകഴിക്കും. ഇപ്പോൾ ഫണ്ടു വെച്ചിട്ടുണ്ടെന്നു പറയുന്നു. പക്ഷേ, അതുതന്നെ എവിടെയാണു് കൊടുക്കുന്നതു"? ഇവിടെയുള്ള ക്രസ്ത്യൻ മെമ്പറന്മാർക്കു് ആരെക്കിലും ധൈര്യമായി പറയുവാൻ സാധിക്കുമോ അങ്ങിനെ കൊടുത്തിട്ടുണ്ടെന്നു"? പെണ്ണുങ്ങൾക്കും സ്വത്തിൽ സമാവകാശമുണ്ടെന്നു വന്നാൽ ആരും സ്ത്രീധനം ആവശ്യപ്പെടുകയില്ല. മറ്റൊരുത്തൻ പെണ്ണിനെ കെട്ടിക്കൊണ്ടുപോകും. ആ പെണ്ണിനു് അച്ഛനേറയും അമ്മയുടേയും വീടു് തന്റെ സ്വന്തംവീടാണെന്നുള്ള സന്തോഷത്തോടുകൂടി വന്നുപോയിക്കൊണ്ടിരിക്കാം. മന്ത്രിസ്ഥാനത്തിരുന്നിരുന്ന മിസ്റ്റർ സി. ആർ. ഇയ്യുണ്ണി പ്രജാമണ്ഡലസ്ഥാനത്തിരുന്നുകൊണ്ടു് ഇതു ഇടുങ്ങിയ ഒരഭിപ്രായം പറഞ്ഞതിൽ എനിക്കു വ്യസനമുണ്ടു്. എനിക്കു് അതിൽ എതിപ്പുണ്ടു്. നിങ്ങൾ അവിടെയിരുന്നുകൊണ്ടു് ഇതു പറയേണ്ടിയിരുന്നില്ല. മഹാത്മജി എന്താണു് പറഞ്ഞിട്ടുള്ളതു"? അദ്ദേഹം മരിക്കുന്നതിനു രണ്ടു മണിക്കൂറിനുമുമ്പു് എന്താണു് എഴുതിവെച്ചിട്ടുള്ളതു്? സ്ത്രീകൾക്കു സമത്വം വേണമെന്നുള്ളതാണു് അദ്ദേഹം പറഞ്ഞിട്ടുള്ളതു്. എല്ലാവക്കും തുല്യമായ ജീവിതത്തോതു വേണമെന്നാണു്, അതിനു പറ്റിയ ഗവണ്മെണ്ടുണ്ടാകണമെന്നാണു് അദ്ദേഹം പറഞ്ഞിട്ടുള്ളതു്. അദ്ദേഹത്തിന്റെ അനുയായികളാണെന്നു പറയുന്ന നിങ്ങൾ ഇപ്പോൾ ഇതാണോ പറയുന്നതു"? കണയന്നൂർ ഈഴവ മെമ്പർ ചോദിച്ചു ക്രിസ്ത്യീയ സ്ത്രീകൾ ഇതിനനുകൂലിക്കുമോ എന്നു്. എതാനും ചില സ്ത്രീകൾമാത്രമേ സ്വതന്ത്രമായ അഭിപ്രായം പറയാനുണ്ടായിരിക്കുകയുള്ളൂ. മറ്റുള്ള സ്ത്രീകളൊക്കെ ഭർത്താക്കന്മാർ പറയുന്നതനുസരിച്ചായിരിക്കും പറയുക. അതുകൊണ്ടു് അതൊന്നും പറഞ്ഞിട്ടുകാര്യമില്ല. പിന്നെ മുസ്ലിം മെമ്പർമാർ രണ്ടുപേരും ഈ ബില്ലിലെ തത്വം സ്വീകരിക്കുന്നുവെന്നു പറഞ്ഞുവെങ്കിലും ഇതു നടപ്പിൽ വരുത്തുന്നകാര്യത്തിൽ പ്രവേശിക്കാൻ അവർക്കു സാദ്ധ്യമല്ലെന്നും അവരുടെ മതപ്രകാരം അങ്ങിനെ പാടില്ലെന്നും പറഞ്ഞു. ഫ,ന ഠ ഠ. കൊല്ലങ്കോടുക്കു മുമ്പുമഹദ് പ്രോഫെറ്റും അന്നു പാലസ്റ്റൈനിൽ ഉണ്ടായിരുന്ന പരിതഃസ്ഥിതികളനുസരിച്ചു് എന്തൊ ചില നിയമങ്ങളൊക്കെ എഴുതിയുണ്ടാക്കീട്ടുണ്ടു്. അതിനാണു് മുഹമ്മദൻ Shariat law—എന്നു പറയുന്നതു്.

മിസ്റ്റർ പി. എ. മുഹമ്മദ്"അഷ്റഫ്": മുഹമ്മദൻ Shariat law-അന്നത്തെ നടപടിയനുസരിച്ചുണ്ടാക്കീട്ടുള്ള ഒരു നിയമമല്ല. മുഹമ്മദുനബി ജനിക്കുന്നതിനുമുമ്പു് പാലസ്റ്റൈയിനിൽ സ്ത്രീകൾ ജനിച്ചാൽ കൊണ്ടുപോയി കുഴിച്ചിടലായിരുന്ന പതിവെന്നു മെമ്പർക്കു് അറിയാമൊ?

മിസ്സിസ് ടി. ഫ്രാൻസിസ്സ്: മരുമക്കത്തായക്കാരുടെ Hindu law—അനുസരിച്ചു നടക്കുന്ന മുസ്ലിമിങ്ങളും കൊച്ചിരാജ്യത്തുണ്ടു്. കൊച്ചിയിൽ താമസിക്കുന്ന കൊച്ചിക്കാരുടെ ഇടയിൽ ഹിന്ദു നിയമമനുസരിച്ചു നടക്കുന്നവരുമുണ്ടു്. കൊച്ചങ്ങാടിയിൽ ഒരു ഭാഗത്തു താമസിക്കുന്ന മുസ്ലിമിങ്ങൾ മരുമക്കത്തായമനുസരിച്ചു നടക്കുന്നവരാണു്. അതുകൊണ്ടു് കൊച്ചിയിൽ ഇങ്ങിനെ ഒരു നിയമം വരുന്നതുകൊണ്ടു് മുസ്ലിമിങ്ങൾക്കു യാതൊരു വിഷമവും വരാനില്ല. ഇങ്ങിനെയുള്ള സിവിൽ നിയമമുണ്ടാകുന്നതു് എല്ലാ വിഭാഗക്കാർക്കും ഗുണകരമാണു്.

Everybody has got the freedom to have his own religion and have sacred feelings over that, ഇതും അതുമായിട്ടു യാതൊരു ബന്ധവുമില്ല. ഇതു പണത്തിന്റെ കാര്യമാണു്. അതുകൊണ്ടു് കോൺസ്റ്റിറ്റ്യൂഷനൽ അഡ്വൈസർ പറഞ്ഞതിനെ അനുകരിച്ചു പൊതുജനാഭിപ്രായം രേഖപ്പെടുത്തുവാൻ വേണ്ടി ഈ ബിൽ സർക്കുലേറ്റുചെയ്യുന്നതിൽ എനിക്കു വിരോധമില്ല.

LIBRARY ARCHIVES Kerala Legislative Assembly

[Mrs T. Francis]

ഇതിനെ സംബന്ധിച്ചു പല മെമ്പർമാരും വളരെ കായ്മായി സംസാരിച്ചു. മിസ്റ്റർ എം. കെ. രാജ ഇതിനെ സംബന്ധിച്ചു സെക്യൂരിട്ടിവേണമെന്നു പറഞ്ഞു. അതു വളരെ ശരിയാണു്. എല്ലാത്തിനും വേണംസെക്യൂരിറ്റി. പ്രസിഡണ്ടു് ഫ്രാൻസ്വെൽട്ട പോലും സെക്യൂരിറ്റി വേണമെന്നു പറഞ്ഞിട്ടുണ്ടു്. ഇതിനെ സംബന്ധിച്ചു ആണുങ്ങൾക്കും ഇത്രയധികം വിഷമിയ്ക്കേണ്ട ആവശ്യമില്ല. പെണ്ണുങ്ങൾക്കു സമാവകാശം കൊടുക്കുമ്പോൾ ആണുങ്ങൾക്കു് കുറച്ചുകുറയും എന്നു പറയുന്നതു് ശരിയല്ല. സ്നേഹമാണു് തറവാട്ടു് എന്നുപറയുന്നതു്. നമ്മുടെ സഹോദരിയെയായിരിക്കും മറൊരു കുടുംബത്തിലേക്കു കൊണ്ടുപോയിരിക്കുന്നതു്. നാം പണം കൊടുക്കുന്നതുകൊണ്ടു് നന്നാകുന്നതു് അവരുടെ മക്കളാണെന്നു് വിചാരിക്കണം. സ്ത്രീകൾക്കു സമാവകാശം അധികം ആവശ്യമുള്ളതു് ഞങ്ങളുടെ സമുദായത്തിലുള്ള സ്ത്രീകൾക്കാണു് ഇങ്ങിനെ ഒരു നിയമം വച്ചില്ലെങ്കിൽ അവർക്കു സ്വന്തം വീട്ടിൽനിന്നും, ഭർത്താവിന്റെ വീട്ടിൽനിന്നും ഒന്നും കിട്ടിയില്ലായെന്നുവരും. അതുപോലെ വിധവകളാകുന്നവർക്കും വളരെ ബുദ്ധിമുട്ടനേരിടും. അവർക്കും എവിടെനിന്നാണു് കഴിയാനുള്ളവക കിട്ടുന്നതു്? അവർക്കു ദാസിവേലയെടുത്തു ജീവിയ്ക്കേണ്ടിവരും. ആ നില വരാതിരിയ്ക്കാൻ വേണ്ടിയാണു് ഇങ്ങിനെ ഒരു നിയമം വേണമെന്നു പറയുന്നതു്.

ഇനി ഹിന്ദുക്കളുടെ കായ്ത്തെപ്പറ്റി രണ്ടു വാക്കു പറയാം. മരുമക്കത്തായികളായ എന്റെ ഹൈന്ദവ സഹോദരികൾ ദാരിദ്ര്യവതികളാണു്. അവരുടെ കായ്ത്തെ കുറിച്ചല്ല എനിക്കു പറയാനുള്ളതു്. സാരസ്വത ബ്രാഹ്മണരുടെ ഇടയിലുള്ള സ്ത്രീകളുടെ കായ്മാണു് വളരെ കഷ്ടമായിട്ടുള്ളതു്. അതിൽ വിധവകളുടെ കായ്മാണു് വലിയ കഷ്ടമായിട്ടുള്ളതു്. അവർക്കു ഭർത്താവിന്റെ വീട്ടിൽ യാതൊരു സ്ഥാനവുമില്ല. അവരുടെ ചില്വാനം വീട്ടിൽനിന്നു എന്തെങ്കിലും ഒരു സംഖ്യ കിട്ടത്തക്കവണ്ണമുള്ള യാതൊരു നിയമവും ഇവിടെയില്ല. അവരുടെയിടയിൽ സ്ത്രീധനം വളരെ കുറവാണു്. ഇവിടത്തെ വലിയ പണക്കാർപോലും ഏറ്റവും വലിയ സ്ത്രീധനം കൊടുക്കുന്നതു് ഇരുപത്തഞ്ചുരൂപയാണു്. അവരുടെ ഭർത്താവു് മരിച്ചാൽ അവർക്കു് കല്ല്യാണം കഴിക്കാൻ പാടില്ല. മദ്രാസിലും മറ്റും തമിഴ് ബ്രാഹ്മണരുടെ ഇടയിലുള്ള വിധവകൾക്കു് പഠിക്കുന്നതിനുംമറ്റും വേണ്ട സൌകര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ടു്. ഇവിടെ അങ്ങിനെയുള്ള യാതൊരു സൌകര്യവും ഇല്ല. അവരുടെയിടയിലുള്ള അവശതകൾ വളരെയധികമാണു്. ഞാൻ പ്രധാനമായി ഈ ബിൽ കൊണ്ടുവന്നതു് ഇവിടത്തെ സാരസ്വത ബ്രാഹ്മണരുടെ ഇടയിലുള്ള സ്ത്രീകളുടെ അവശതകൾ പരിഹരിക്കാനാണു്. നിങ്ങൾക്കു് ഇതൊന്നും അറിയാൻ സാധിക്കുന്നില്ല. നിങ്ങൾ ഈവക കായ്ങ്ങളെക്കുറിച്ചു് അന്വേഷിക്കുന്നില്ല. ഞാൻ അവരുടെ ഇടയിലുള്ള ബുദ്ധിമുട്ടുകളെപ്പറ്റി നല്ലവണ്ണം മനസ്സിലാക്കീട്ടുണ്ടു്. അതുകൊണ്ടാണു ഇങ്ങിനെ ഒരു ബിൽ കൊണ്ടുവന്നതു്. ഇവിടെ പല സമുദായങ്ങൾക്കും ഒരേ നിയമമില്ലെന്നു പറയുന്നു. കൊച്ചിയിലെ ഈഴവ സമുദായത്തിനു്, കിഴക്കൻ ചിറ്റൂരിൽ ഒരു തരത്തിലുള്ള നിയമം, തൃശ്ശൂരിൽ വേറെ ഒരു തരത്തിലുള്ള നിയമം, കൊച്ചികണയന്നൂർ താലൂക്കിൽ വേറൊരു തരത്തിലുള്ള നിയമം ഇങ്ങിനെ മൂന്നു തരത്തിലാണു്. ഇവക്കെല്ലാവക്കും ഒരേതരത്തിലുള്ള നിയമമാണു് വേണ്ടതു്. നമ്പൂതിരിമാരുടെയിടയിൽ ഇതിനു വേണ്ടതായ സൌകര്യമുണ്ടെന്നു ശ്രീമാൻ നമ്പൂതിരി അവർകളും ഇവിടെ പറയുകയുണ്ടായി. അതുമാത്രം പോരാ. അവരുടെയിടയിലും പല അവാന്തരജാതികളും ഉണ്ടു്. അവർക്കും ഇത്തരത്തിലുള്ള നിയമം ആവശ്യമാണു്. ഇങ്ങിനെ പറയുകയാണെങ്കിൽ എല്ലാ സമുദായക്കാർക്കും ഇത്തരത്തിലുള്ള ഒരു നിയമം ആവശ്യമാണു്. അതുകൊണ്ടു് ഇതു സർക്കുലറു ചെയ്തു് പൊതുജനങ്ങളുടെ യഥാർത്ഥമായ അഭിപ്രായം മനസ്സിലാക്കുന്നതിനു് ഈ നിയമസഭയിലുള്ളവരെല്ലാവരും സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

Motion, put and carried.

Secretary to the Council: The title of the Bill is the Cochin Women's Fundamental Right to Property Bill.

Mr. M. Sivarama Menon (*Constitutional Advisor*): Sir, I beg to move that the Bill be circulated for the purpose of eliciting opinion thereon by the 30th of Edavam, or an early date the date you may suggest; or it may be 30th of Medam.

Mr. P. Govinda Menon (*Ernakulam*): I second it.

Motion, put and carried.

LIBRARY ARCHIVES Kerala Legislative Assembly